# LAITY VOICE

2014 JULY | Volume: 5 | No:1 | E-mail: laityvoice102@gmail.com




## ജൂലൈ 3 സെന്റ് തോമസ് ദിനം
## ലോകമെമ്പാടുമുള്ള വിശ്വാസിസമൂഹത്തിന് ദുക്റാന തിരുനാളിന്റെ പ്രാർത്ഥനാശംസകൾ

ലെയ്റ്റി വോയ്സ്
5-ാം
വർഷത്തിലേയ്ക്ക്



## യുകെയിലെ വാൽസിംഗാം ഒരുങ്ങുന്നു; മരിയ മഹാതീർത്ഥാടനം ജൂലൈ 20ന്

**അപ്പച്ചൻ കണ്ണഞ്ചിറ, യു. കെ.**

വാൽസിംഗാം: സീറോ മലബാർ സഭയുടെ നേതൃത്വത്തിൽ നടത്തിപോരുന്ന യുകെയിലെ ഏറ്റവും വലിയ ആഘോഷമായ വാൽസിംഗാം മരിയൻ പുണ്യ തീർഥാടനത്തിന് ഒരുക്കങ്ങൾ പൂർത്തിയാവുന്നു. ആയിരങ്ങൾക്ക് ഈ തീർഥാടനം അനുഗ്രഹ അനുഭവമാക്കുവാൻ ഈസ്റ്റ് ആൻഗ്ലിയായിലെ വിശ്വാസി കൂട്ടായ്മയായ ഗോൾസ്റ്റൻ ക്രിസ്ത്യൻ കമ്യൂണിറ്റി മധ്യസ്ഥപ്രാർഥനയും വൻ ഒരുക്കങ്ങളും ആയി തീവ്രയജ്ഞത്തിലാണ്.

അനേകായിരങ്ങൾ നഗ്ന പാദരായിട്ട് പുണ്യയാത്ര ചെയ്ത അതെ പാതയിലൂടെ തന്നെയാണ് സീറോ മലബാർ തീർഥാടനവും നീങ്ങുക. മുമ്പ് തീർഥാടനം നടത്തുന്നതിനായി ചെരുപ്പ് അഴിച്ചുവച്ചിരുന്ന 'സ്ലിപ്പർ ചാപ്പൽ' മാത്രമാണ് റോമൻ കത്തോലിക്കാ സഭയുടെ അധീനതയിൽ ഇപ്പോൾ ഉള്ളത്.

തീർഥാടനത്തിന്റെ ആരംഭകനും നാളിതുവരെ വിജയകരമായി നയിക്കുകയും ചെയ്യുന്ന ഈസ്റ്റ് ആംഗ്ലിയായിലെ സീറോ മലബാർ ചാപ്ലെയിൻ ഫാ. മാത്യു ജോർജ് വണ്ടാലക്കുന്നേലിന്റെ നേതൃത്വത്തിൽ ഈ മരിയോത്സവത്തിന്റെ അനുഗ്രഹ വിജയത്തിനായി ഗോൾസ്റ്റൻ ക്രിസ്ത്യൻ കമ്യൂണിട്ടിയുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ ചെയ്യുന്ന ഒരുക്കങ്ങൾ അന്തിമ ഘട്ടത്തിലേക്ക് പുരോഗമിക്കുന്നു. തീർഥാടകർക്ക് വിതരണം ചെയ്യുവാനായി മരിയ ഗീതങ്ങളും വാൽത്സിംഗാം പുണ്യ ചരിതവും പ്രാർഥനകളും മറ്റും അടങ്ങിയ ബുക്കുകൾ തയാറാക്കികഴിഞ്ഞതായി ഗോൾസ്റ്റൻ ക്രിസ്ത്യൻ കമ്യുണിറ്റി അറിയിച്ചു.

തീർഥാടനത്തിൽ ആത്മീയ ശോഭ പകരുവാൻ എത്തിച്ചേരുന്ന കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ (സിബിസിഐ) യുടെ അല്മായ കൗൺസിൽ ചെയർമാനും കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷനുമായ മാർ മാത്യു അറയ്ക്കൽ, ആതിഥേയ രൂപതയായ ഈസ്റ്റ് ആംഗ്ലിയായുടെ അധ്യക്ഷനും യുകെയിൽ മൈഗ്രന്റ്സിന്റെ ചുമതലയുമുള്ള ബിഷപ് അലൻ ഹോപ്പ്സ്, യുകെയിൽ സീറോ മലബാർ സഭയുടെ ആരാധ്യനായ കോ-ഓർഡിനേറ്റർ റവ.ഡോ. തോമസ് പാറയടിയിൽ, അല്മായ കമ്മീഷൻ സെക്രട്ടറി ഷെവലിയാർ അഡ്വ. വി.സി സെബാസ്റ്റ്യൻ, കേരള സ്റ്റേറ്റ് കൺസ്യൂമർ റീഡ്രെസൽ കമ്മീഷൻ മെമ്പർ അഡ്വ.ജോസ് വിതയത്തിൽ തുടങ്ങിയവർക്ക് തഥവസരത്തിൽ മരിയൻ പുണ്യതീർത്ഥാടനത്തിന്റെ ആരംഭവേദിയായ വാൽസിംഗാമിലെ അനൗൺസിയേഷൻ ചാപ്പലിൽ സമുചിതമായ സ്വീകരണം നൽകും.

ജൂലൈ 20 ന് (ഞായർ) ഉച്ചക്ക് 12ന് വാൽത്സിംഗാമിലെ ഫ്രൈഡേ മാർക്കറ്റിലുള്ള അനൗൺസിയേഷൻ ചാപ്പലിൽ (എൻആർ22 6 ഡിബി) നിന്നും ഈസ്റ്റ് ആംഗ്ലിയായുടെ ബിഷപ് അലൻ ഹോപ്പ്സ് തുടക്കം കുറിക്കുന്ന സ്ലിപ്പർ ചാപ്പലിലേക്കുള്ള (എൻആർ22 6 എഎൽ) തീർഥാടനം ആമുഖ പ്രാർഥനയോടെ ആരംഭിക്കും. മരിയ ഭക്തി ഗീതങ്ങളാൽ മുഖരിതമായ അന്തരീക്ഷത്തിൽ പരിശുദ്ധ ജപമാലയും സമർപ്പിച്ചുകൊണ്ട്, വർണാഭമായ മുത്തുക്കുടകളുടെയും, സ്വിണ്ടൻ ടീം നയിക്കുന്ന വാദ്യ മേളങ്ങളുടെയും വർണാഭമായ അകമ്പടിയോടെ മരിയ ഭക്തർ തീർഥാടനം നടത്തും. ഉച്ചകഴിഞ്ഞു 2:45 ന് ആഘോഷമായ തീർഥാടന തിരുനാൾ സമൂഹബലിയിൽ മാർ മാത്യു അറയ്ക്കൽ മുഖ്യ കാർമികത്വം വഹിക്കും. ഫാ.മാത്യു വണ്ടാലക്കുന്നേൽ വിഷിശ്ടാതിഥികളെയും തീർഥാടകരെയും സ്വാഗതം ചെയ്യും.

## ബാംഗ്ലൂരിൽ മലയാളി വൈദികൻ റവ.ഡോ.കെ.ജെ.തോമസിന്റെ കൊലപാതകം; 530 പേജുള്ള കുറ്റപത്രം കോടതിയിൽ

# സമർപ്പിക്കപ്പെട്ട ജീവിതത്തെ തച്ചുടച്ച ക്രൂരത!

ബാംഗ്ലൂർ: മനുഷ്യ മനസാക്ഷിയെ ഞെട്ടിച്ച ബാംഗ്ലൂർ മല്ലേശ്വരം സെന്റ് പീറ്റേഴ്സ് സെമിനാരി റെക്ടർ റവ.ഡോ.കെ.ജെ.തോമസിന്റെ കൊലപാതകത്തിന്റെ കുറ്റപത്രം ബാംഗ്ലൂർ പോലീസ് സമർപ്പിച്ചു. ബാംഗ്ലൂർ അഡീഷണൽ ചീഫ് മെട്രോ പൊളിറ്റൻ മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിച്ച 530 പേജുള്ള പ്രാഥമിക കുറ്റപത്രത്തിൽ അഞ്ച് പേർക്കെതിരെയാണ് കുറ്റം ചാർത്തിയിട്ടുള്ളത്. നാല് വൈദികരും ഒരു വൈദിക വിദ്യാർത്ഥിയുമാണ് ഇതിൽ ഉൾപ്പെട്ടിരിക്കുന്നത്. കേസുമായി ബന്ധപ്പെട്ട് പ്രോസി




ക്യൂഷൻ സാക്ഷികളായി 127 പേരെ ഉൾപ്പെടുത്തി. 2013 ഏപ്രിൽ ഒന്നിനാണ് ഈ നിഷ്ഠൂരമായ കൊലപാതകം നടന്നത്. കേസന്വേഷണത്തിലുടനീളം യഥാർത്ഥ കുറ്റവാളികളെ കണ്ടെത്തണം എന്ന ഉറച്ച നിലപാടിലാണ് ക്രൈസ്തവ സഭ മുന്നോട്ടു പോയത്. കേസന്വേഷണത്തിന് എല്ലാവിധ പിന്തുണയും നൽകിയിരുന്നു. വിവിധ അല്മായ പ്രസ്ഥാനങ്ങൾ കേസന്വേഷണം വൈകുന്നുവെന്നാരോപിച്ച് പ്രതിഷേധങ്ങൾ നടത്തിയിരുന്നു. ഇതിനിടയിൽ കഴിഞ്ഞ മാർച്ചിൽ കേസിൽ അന്വേഷണം വൈകുന്നുവെന്നാരോപണം നില

(ശേഷം എട്ടാം പജിൽ)

# മാർ മാത്യു അറയ്ക്കലിനും ഷെവലിയർ വി.സി.സെബാസ്റ്റ്യനും യു.കെ.യിൽ പൗരസ്വീകരണം

**അഡ്വ.ജോസഫ് ചാക്കോ**

കേംബ്രിഡ്ജ്: സിബിസിഐ ലെയ്റ്റി കൗൺസിൽ ചെയർമാനും കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷനുമായ മാർ മാത്യു അറയ്ക്കലിനും, ആഗോള കത്തോലിക്കാ സഭയിൽ അല്മായർക്കുള്ള മഹോന്നത പദവിയായ ഷെവലിയർ സ്ഥാനം ലഭിച്ച അഡ്വ.വി.സി.സെബാസ്റ്റ്യനും ജൂലൈ 15 മുതൽ 23വരെ യുകെയുടെ വിവിധ കേന്ദ്രങ്ങളിൽ സ്വീകരണം നൽകും. ജൂലൈ 16ന് കേംബ്രിഡ്ജിൽ നൽകുന്ന സിവിക് സ്വീകരണത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായതായി മോൺസിഞ്ഞോർ യൂജിൻ ഹാർക്ക്നെസ് അറിയിച്ചു.

കേംബ്രിഡ്ജ് കൗണ്ടിയുടെ ക്വീൻ എലിസബത്തിന്റെ പ്രതിനിധി ഡപ്യൂട്ടി ലോർഡ് ലെഫ്റ്റനന്റ് ഡറിക്ക് ബ്രിസ്റ്റൊ സിവിക്ക് സ്വീകരണത്തിൽ പങ്കെടുക്കും. ഡോ. വിൽഫ് കേൾസൽ (കൺസൾട്ടന്റ്, ദി റൊസീ മറ്റേർണിറ്റി ഹോസ്പിറ്റൽ), കരോൾ (ഡയറക്ടർ, ഇംപിഗ്ഡൻ വില്ലേജ് കോളജ്), ജോൺ ലാതം (ഫാമർ ആൻഡ് വിൻഡ് ഫാം ഉടമ), പ്രഫ.ഡോ. റവ. ജോൺ ബെൽ (ഡീക്കൻ ആൻഡ് പ്രഫസർ ഓഫ് ലോ) തുടങ്ങി വിദ്യാഭ്യാസ, ആതുര, കാർഷിക, വ്യാവസായിക മേഖലകളിലെ പല പ്രമുഖ വ്യക്തികളും സിവിക്ക് സ്വീകരണത്തിൽ പങ്കെടുക്കും. കെസിബിസി മുൻ അല്മായ കമ്മീഷൻ സെക്രട്ടറിയും കേരള സ്റ്റേറ്റ് കൺസ്യൂമർ റീഡ്രെസൽ കമ്മീഷൻ മെംബറുമായ അഡ്വ.ജോസ് വിതയത്തിലും പരിപാടികളിൽ പങ്കുചേരും. വൈകുന്നേരം ഏഴിന് യൂണിവേഴ്സിറ്റി ഗ്രാജുവേറ്റ് സെന്ററിലാണ് സ്വീകരണം.

### കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി അധികൃതരുമായി കൂടിക്കാഴ്ച

ജൂലൈ 16ന് രാവിലെ 10ന് കേംബ്രിഡ്ജ് യുണിവേഴ്സിറ്റി ഓഫീസിൽ ഇന്റർനാഷണൽ റിലേഷൻസ് മേധാവിയുടെ നേതൃത്വത്തിൽ യുണിവേഴ്സിറ്റിയിലെ വിവിധ വകുപ്പ് തലവന്മാർ അടങ്ങുന്ന പാനലുമായി കൂടിക്കാഴ്ച നടത്തും. കേരളത്തിലെ വിവിധ കോളജുകളുടെ വികസനത്തിനും വിദ്യാർഥികൾക്ക് കൂടുതലായ പഠന സംവിധാനങ്ങൾ,നൂതന സാങ്കേതിക വിദ്യകളുടെ പങ്കിടൽ, വിദ്യാഭ്യാസ രംഗങ്ങളിൽ പരസ്പര സഹകരണങ്ങൾ, ഇംഗ്ലീഷ് ഭാഷാ അധ്യാപക ലഭ്യത തുടങ്ങിയ വിവിധ കാര്യങ്ങൾ ചർച്ചചെയ്യുന്നതാണ്.

*കൂടുതൽ വിവരങ്ങൾക്ക്:*

*ഫാ.മാത്യു ജോർജ്ജ് വണ്ടാലക്കുന്നേൽ : 07939920844,*

*അഡ്വ. ജോസഫ് ചാക്കോ : 07883302540*

# സീറോ മലബാർ സഭാ ദിനാഘോഷം മൗണ്ട് സെന്റ് തോമസിൽ

കൊച്ചി: ഭാരതത്തിന്റെ അപ്പസ്തോലൻ മാർത്തോമാശ്ലീഹായുടെ ഓർമദിനമായ ജൂലൈ മൂന്നിനു സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭാദിനാചരണം നടക്കും. സഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ രാവിലെ 9.30നു മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പതാക ഉയർത്തുന്നതോടെ സഭാദിനാഘോഷങ്ങൾക്കു തുടക്കമാകും.

മലങ്കര സിറിയൻ ഓർത്തഡോക്സ് സഭയുടെ കൊച്ചി ഭദ്രാസനാധിപൻ ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത, റവ. ഡോ.ജയിംസ് കരികിലംകാട്ട് എന്നിവർ പ്രസംഗിക്കും. വിശുദ്ധപദവിയിലേക്കുയരുന്ന വാഴ്ത്തപ്പെട്ടവരായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, എവുപ്രാസ്യമ്മ എന്നിവരെക്കുറിച്ചു സിഎംഐ സഭാ പ്രിയോർ ജനറാൾ റവ.ഡോ. പോൾ ആച്ചാണ്ടി, സിഎംസി മദർ ജനറാൾ സിസ്റ്റർ സാങ്റ്റ എന്നിവർ പ്രസംഗിക്കും. കർദിനാൾ മാർ ജോർജ് ആലഞ്ചേരി സമാപന സന്ദേശം നൽകും.

സീറോ മലബാർ സഭയുടെ വിവിധ രൂപതകളിൽനിന്നുള്ള വൈദിക, അല്മായ പ്രതിനിധികൾ, സന്യാസ സമൂഹങ്ങളുടെ മേജർ സുപ്പീരിയർമാർ എന്നിവരുൾപ്പടെ മുന്നൂറോളം പേർ സഭാദിനാഘോഷത്തിൽ പങ്കെടുക്കും. സഭയുടെ തനതു കലാരൂപങ്ങളും ആഘോഷങ്ങളുടെ ഭാഗമായി അവതരിപ്പിക്കുമെന്നു ജനറൽ കൺവീനർ റവ.ഡോ. ജോർജ് മഠത്തിപ്പറമ്പിൽ അറിയിച്ചു.

# സിനഡുസമ്മേളനത്തിന്റെ പ്രവർത്തനരേഖ പ്രകാശനം ചെയ്തു



വത്തിക്കാൻ: മെത്രാൻമാരുടെ മൂന്നാമത് പ്രത്യേക സിനഡു സമ്മേളനത്തിനുള്ള പ്രവർത്തനരേഖ Intrumentum Laboris വത്തിക്കാൻ പ്രസിദ്ധീകരിച്ചു. 'സുവിശേഷപ്രഘോഷണ പ്രക്രിയയിൽ കുടുംബങ്ങൾ നേരിടുന്ന അജപാലവെല്ലുവിളികൾ' എന്ന പ്രമേയവുമായിട്ടാണ് മെത്രാന്മാരുടെ പ്രത്യേക സിനഡുസമ്മേളനം ഒക്ടോബർ 5 മുതൽ 14 വരെ തീയതികളിൽ വത്തിക്കാനിൽ അരങ്ങേറുവാൻ പോകുന്നത്.

കുടുംബങ്ങളുടെ നവമായ വെല്ലുവിളികളെക്കുറിച്ച് ദേശീയ പ്രാദേശീയ സഭാതലത്തിൽ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും രേഖാപരമായി ശേഖരിച്ചിട്ടുള്ള അടിസ്ഥാന വിവരങ്ങൾ, സാക്ഷ്യങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ ക്രോഡീകരിച്ച് ക്രമപ്പെടുത്തിയ വസ്തുതകളാണ് സിനഡിന്റെ പ്രവർത്തനരേഖ Intrumentum Laboris ആയി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്.

കുടുംബം, വിവാഹം എന്നീ വിഷയങ്ങളെ സംബന്ധിച്ച് എട്ട് ഭാഗങ്ങളിലായി പ്രസിദ്ധീകരിച്ച ചോദ്യങ്ങൾക്കുള്ള മറുപടികൾ ആഗോളതലത്തിൽ ശേഖരിച്ചത് ക്രോഡീകരിച്ച് ശാസ്ത്രീയമായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതാണ് പ്രത്യേക സിനഡുസമ്മേളനത്തിനുള്ള പ്രവർത്തനരേഖയായി മാറുന്നതെന്ന് സിനഡിന്റെ ജനറൽ സെക്രട്ടറി കർദിനാൾ ലൊറേൻസോ ബാൾദിസ്സേരി പ്രവർത്തനരേഖ ജൂൺ 26ന് റോമിൽ പ്രകാശനം ചെയ്തുകൊണ്ട് ഇറക്കിയ പ്രസ്താവനയിൽ അറിയിച്ചു.

75 പേജുകളിൽ പ്രകാശനം ചെയ്തിരിക്കുന്ന സിനഡിന്റെ പ്രവർത്തനരേഖ ഇംഗ്ലീഷ്, ഇറ്റാലിയൻ, ഫ്രഞ്ച്, ജർമ്മൻ, സ്പാനിഷ്, പോളീഷ് എന്നീ ഭാഷകളിൽ വത്തിക്കാന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. പാപ്പാ ഫ്രാൻസീസ് രചിച്ച തിരുക്കുടുംബത്തോടുള്ള പ്രാർത്ഥനയോടെയാണ് പ്രവർത്തനരേഖ സമാപിക്കുന്നത്.

# ശാസ്ത്ര നേട്ടങ്ങൾ എല്ലാ ജനങ്ങളുടെയും ക്ഷേമത്തിന് ഉപകരിക്കണമെന്ന് മാർപാപ്പ

വത്തിക്കാൻ: ശാസ്ത്ര നേട്ടങ്ങൾ എല്ലാ ജനതകളുടെയും ക്ഷേമത്തിന് ഉപകരിക്കണമെന്ന് ഫ്രാൻസീസ് മാർപാപ്പ. വത്തിക്കാൻ വാനനിരീക്ഷണകേന്ദ്രം സംഘടിപ്പിച്ച വേനൽക്കാല ശിൽപശാലയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് പാപ്പ ഇപ്രകാരം പ്രസ്താവിച്ചത്. 22 രാജ്യങ്ങളിൽ നിന്നുള്ള ജ്യോതിശാസ്ത്ര ഗവേഷണ വിദ്യാർത്ഥികളും ശില്പശാലയ്ക്ക് നേതൃത്വം നൽകുന്ന ജ്യോതിശാസ്ത്രജ്ഞരും വത്തിക്കാൻ വാനനിരീക്ഷണകേന്ദ്രത്തിന്റെ ചുമതലയുള്ള ഈശോസഭാവൈദികരായ ശാസ്ത്രജ്ഞരും മാർപാപ്പ അനുവദിച്ച പ്രത്യേക കൂടിക്കാഴ്ചയിൽ സംബന്ധിച്ചു.

ശാസ്ത്രനേട്ടങ്ങൾ എല്ലാ ജനതകളുടെയും ക്ഷേമത്തിന് ഉപകരിക്കണമെന്ന് നവഗവേഷകരെ ഉദ്ബോധിപ്പിച്ച പാപ്പ, വെല്ലുവിളി നിറഞ്ഞ ഈ ദൗത്യം ഏറ്റെടുക്കാൻ മുൻനിരയിൽ നിൽക്കേണ്ടത് ശാസ്ത്രജ്ഞർ തന്നെയാണെന്നും പ്രസ്താവിച്ചു. ശാസ്ത്രസഹായത്താൽ സമാധാനവും നീതിയും വളർത്താൻ സാധിക്കുമെന്നു തെളിയിക്കുന്ന ഒരു എളിയ സംരംഭമാണ് വത്തിക്കാൻ വാനനിരീക്ഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചിരിക്കുന്ന അന്താരാഷ്ട്ര വാനശാസ്ത്ര ശില്പശാല. ലോകത്തിന്റെ നാനാഭാഗത്തുള്ള യുവഗവേഷകർക്ക് ഒന്നുചേരാനും സംവദിക്കാനും സഹകരിച്ചുപ്രവർത്തിക്കാനുമുള്ള നല്ലൊരുവേദിയാണിതെന്ന് പാപ്പ അഭിപ്രായപ്പെട്ടു. വിശ്വാസത്തിന്റെ വെളിച്ചത്തിലാണ് സഭ ശാസ്ത്രത്തെ സമീപിക്കുന്നതെന്ന് വിശദീകരിച്ച പാപ്പ യുക്തിചിന്തയുടെ അതിർത്തികൾ വിശാലമാക്കാൻ വിശ്വാസം സഹായിക്കുമെന്നും വ്യക്തമാക്കി.

## സീറോ മലബാർ ഓസ്ട്രേലിയ രൂപത കൺസൾട്ടേഴ്സ് മീറ്റിംഗ്

മെൽബൺ: സെന്റ് തോമസ് ദ അപ്പോസ്റ്റലേറ്റ് സീറോ മലബാർ ഓസ്ട്രേലിയ രൂപതയുടെ പ്രഥമ ആലോചന സമിതി യോഗം മിക്കലിമിലെ രൂപത ആസ്ഥാനത്ത് നടന്നു. രൂപത അധ്യക്ഷൻ മാർ ബോസ്കോ പുത്തൂരിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ വികാരി ജനറാൾ ഫാ. ഫ്രാൻസിസ് കോലഞ്ചേരി, ഫാ.പീറ്റർ കാവുംപുറം, ഫാ.തോമസ് ആലുക്ക, ഫാ. ഫ്രെഡി ഇലവുങ്കൽ, ഫാ.സ്റ്റീഫൻ കണ്ടാരപ്പിള്ളി എന്നിവർ സന്നിഹിതരായിരുന്നു.

കൺസൾട്ടേഴ്സ് ആയി തെരഞ്ഞെടുക്കപ്പെട്ട വൈദികരുടെ സത്യ പ്രതിജ്ഞയോടെ യോഗം തുടങ്ങി. തുടർന്ന് രൂപത തലത്തിൽ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന നിരവധി പദ്ധതികളെക്കുറിച്ച് ചർച്ചകൾ നടന്നു. വിശുദ്ധ അൽഫോൻസാമ്മയുടെ നാമധേയത്തിലുള്ള കത്തീഡ്രൽ ദേവാലയം മെൽബണിലെ മിക്കലിമിലുള്ള പാർക് ലാൻഡ് ക്രസന്റിൽ പണിയുവാനും തീരുമാനിച്ചു.

രൂപതയിലെ വിവിധ പ്രേഷിത വിഭാഗങ്ങളുടെ ഡയറക്ടേഴ്സിന്റെയും ഓസ്ട്രേലിയയിലെ വിവിധ കമ്യൂണിറ്റികളുടെ ചാപ്ലെയിൻമാരുടെയും നിയമനങ്ങൾ ബോസ്കോ പിതാവ് ആലോചന സമിതിയെ അറിയിച്ചു.

## ദക്ഷിണാഫ്രിക്കയുടെ 'മദർതെരേസ' സിസ്റ്റർമേരി പോളിനെ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തി

ഉംതാത്ത (ദക്ഷിണാഫ്രിക്ക): ദക്ഷിണാഫ്രിക്കയിൽ അമേരിക്കൻ സ്വദേശിയായ കന്യാസ്ത്രീയെ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തി. പ്രഷ്യസ് ബ്ലഡ് സഭാംഗമായ സിസ്റ്റർ മേരി പോൾ ടാക്കെ (82) ആണ് കൊല്ലപ്പെട്ടത്. സിസ്റ്ററിന്റെ നേതൃത്വത്തിൽ നടത്തുന്ന അനാഥാലയത്തിനു സമീപത്തു നിന്നു ഞായറാഴ്ച ഉച്ചയോടെ തട്ടിക്കൊണ്ടു പോകപ്പെട്ട സിസ്റ്ററിന്റെ മൃതദേഹം പിറ്റേദിവസം പ്രദേശത്തു നിന്നു 60 കിലോമീറ്റർ അകലെയുള്ള ലിബെഡോ യിലെ നദിയിൽ കാണപ്പെടുകയായിരുന്നു.



സിസ്റ്റർ മേരി പോൾ

ഉംതാത്ത നഗരത്തിനടുത്ത് സിസ്റ്റർ മേരി പോളിന്റെ നേതൃത്വത്തിൽ നടത്തിയിരുന്ന ടെംപ് ലീസ്ഹ്ളെ അനാഥാലയത്തിനു മുന്നിൽ വച്ചാണ് സിസ്റ്ററെ രണ്ടുയുവാക്കൾ തട്ടികൊണ്ടുപോയത്. അന്തേവാസികൾക്കായി നഗരത്തിലെ വിവിധ കേന്ദ്രങ്ങളിൽ നിന്ന് ശേഖരിച്ച ഭക്ഷണവും മറ്റു വസ്തുക്കളും അനാഥാലയത്തിനുമുന്നിൽ കാറിൽ നിന്ന് ഇറക്കുമ്പോഴായിരുന്നു സംഭവം. ഡിക്കിയിൽ നിന്ന് സാധനങ്ങൾ ഇറക്കുന്നതിനിടെ യുവാക്കളിലൊരാൾ സിസ്റ്ററിനെ കാറിനുള്ളിലേക്ക് തള്ളിയിട്ട് ഒപ്പം കയറുകയായിരുന്നു. ഈ സമയം രണ്ടാമത്തെ യുവാവ് കാർ ഓടിച്ചുപോകുകയും ചെയ്തു. റൂട്ട് മാപ്പിംഗ് സംവിധാനമുള്ള തായിരുന്നു സിസ്റ്ററിന്റെ കാർ. സംഭവം അറിഞ്ഞ് നാട്ടുകാർ യുവാക്കളെ പിന്തുടർന്നെങ്കിലും കാടിനുള്ളിലേക്ക് യുവാക്കൾ കാർ ഓടിച്ചു രക്ഷപെടുകയായിരുന്നു. പോലീസ് ശക്തമായ തെരച്ചിൽ നടത്തിയെ ങ്കിലും പിറ്റേദിവസം 60 കിലോമീറ്റർ ദൂരെയുള്ള നദിയിൽ സിസ്റ്ററിന്റെ മൃതദേഹം കണ്ടെത്തുകയായിരുന്നു. തട്ടിക്കൊണ്ടുപോയവർ സിസ്റ്ററെ വെടിവച്ചുകൊലപ്പെടുത്തിയതാണോയെന്ന വിവരം പോസ്റ്റുമോർട്ടം റിപ്പോർട്ട് പുറത്തുവന്നാലെ ലഭ്യമാകൂ.

ജീവകാരുണ്യ രംഗത്തെ പ്രവർത്തനത്തിന്റെ പേരിൽ രാജ്യത്ത് ഏറെ ആദരവ് സിസ്റ്റർ മേരി പോൾ നേടിയിരുന്നു. മദർ തെരേസയുമായാണ് അവരെ പലരും താരതമ്യം ചെയ്തിരുന്നത്. 1960 കളിലാണ് സിസ്റ്റർ ദക്ഷിണാഫ്രിക്കയിലെത്തുന്നത്. ഉംതാത്തയിൽ മാനസിക വൈകല്യമു ള്ളവർക്കുവേണ്ടിയുള്ള പുനരധിവാസ കേന്ദ്രം സിസ്റ്ററിന്റെ നേതൃത്വത്തിൽ നടത്തിവരുകയായിരുന്നു. ഇതിനോട് ചേർന്നുതന്നെ അഞ്ചുവയ സുവരെയുള്ള കുട്ടികൾക്കുള്ള അനാഥാലയവും സിസ്റ്റർ ആരംഭിച്ചിരുന്നു. തെരുവിൽ നിന്നുള്ള കുട്ടികളെ സിസ്റ്റർ മേരി പോൾ തന്നെ എടുത്തുകൊണ്ടുവന്നു അഭയം നൽകിയിരുന്നു. കൂടാതെ അധികൃതരും ഇവിടെ കുട്ടികളെ ഏൽപ്പിച്ചിരുന്നു.

## സുഡാൻ യുവതിയെ വീണ്ടും അറസ്റ്റ് ചെയ്തതു വ്യാജകുറ്റം ചുമത്തി

ഖാർത്തും: ക്രൈസ്തവവിശ്വാസം ഉപേക്ഷിക്കണമെന്ന നിർദേശം ലംഘിച്ചതിനു വധശിക്ഷയ്ക്കു വിധിക്കപ്പെടുകയും രാജ്യാന്തരതലത്തിൽ പ്രതിഷേധമുയർന്നതിനെത്തുടർന്നു കോടതി മോചിപ്പിക്കുകയും ചെയ്ത സുഡാൻ യുവതി മിറിയം ഇബ്രാഹിമിനെ വീണ്ടും അറസ്റ്റ് ചെയ്തത് ഇല്ലാത്ത കാരണങ്ങൾ ചുമത്തി. ജയിൽ മോചിതയായതിനെത്തുടർന്നു രാജ്യംവിട്ട് അമേരിക്കയിലേക്കു പോകാനായി ഖാർത്തൂമിലെ വിമാനത്താവളത്തിൽ എത്തിയപ്പോഴാണ് 27 കാരിയായ മിറിയത്തെയും ഭർത്താവ് ഡാനിയേൽ വാനിയെയും രണ്ടു മക്കളെയും 40ഓളം വരുന്ന സുരക്ഷാസൈനികർ അറസ്റ്റ് ചെയ്തത്.

വ്യാജരേഖകൾ ചമച്ച് അമേരിക്കയിലേക്കു കടക്കാൻ ശ്രമിച്ചെന്നും തെറ്റായ വിവരങ്ങൾ നൽകിയെന്നും ആരോപിച്ചാണു മിറിയത്തെയും ഡാനിയേലിനെയും അറസ്റ്റ് ചെയ്തതെന്ന് അവരുടെ അഭിഭാഷകർ അറിയിച്ചു. ഈ ആരോപണങ്ങൾ തെറ്റാണെന്നും അഭിഭാഷകർ ചൂണ്ടിക്കാട്ടി.

ഖാർത്തൂമിലെ പോലീസ് സ്റ്റേഷനിൽ പാർപ്പിച്ചിരിക്കുന്ന ഇരുവരെയും ജാമ്യത്തിൽ വിടാൻ പോലീസ് തയാറായിട്ടില്ല. അതേസമയം, യാത്രാസംബന്ധമായ ചില രേഖകളുടെ പേരിൽ താത്കാലികമായാണു മിറിയത്തെയും ഭർത്താവിനെയും തടഞ്ഞുവച്ചിരിക്കുന്നതെന്നും അവരുടെ സുരക്ഷിതത്വം സുഡാൻസർക്കാർ ഉറപ്പുനൽകിയിട്ടുണ്ടെന്നും യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് വക്താവ് മേരി ഹാർഫ് വാഷിംഗ്ടണിൽ പറഞ്ഞു. ഇരുവരുടെയും കാര്യത്തിൽ ഖാർത്തൂമിലെ യുഎസ് എംബസി ഇടപെടുന്നുണ്ടെന്നും മേരി ഹാർഫ് കൂട്ടിച്ചേർത്തു.

അതേസമയം, സൗത്ത് സുഡാൻ പൗരത്വമില്ലെങ്കിലും മിറിയത്തിനു സൗത്ത് സുഡാന്റെ യാത്രാരേഖകളുണ്ടെന്നും മാതൃരാജ്യമല്ലാത്ത അമേരിക്കയിലേക്കു പോകുകയായിരുന്നു അവരെന്നും ഇതു നിയമവിരുദ്ധമാണെന്നും സുഡാൻ നാഷണൽ ഇന്റലിജൻസ് ആൻഡ് സെക്യൂരിറ്റി സർവീസസ് പത്രക്കുറിപ്പിൽ അറിയിച്ചു.

## സത്യത്തിന്റെ പാതയിൽ നിന്ന് വ്യതിചരിക്കരുത്: ജസ്റ്റിസ് കുര്യൻ ജോസഫ്



മെൽബൺ: ഇന്ത്യൻ സുപ്രീം കോടതിയുടെ ഇപ്പോഴത്തെ ജസ്റ്റിസും കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യയുടെ ആദ്യത്തെ വൈസ് പ്രസി ഡന്റുമായിരുന്ന ജസ്റ്റിസ് കുര്യൻ ജോസഫിന് മെൽബൺ രൂപതാ ആസ്ഥാനത്ത് ഉജ്വല സ്വീകരണം നൽകി. സീറോ മലബാർ ഓസ്ട്രേ ലിയ രൂപതാധ്യക്ഷൻ ബിഷപ് ബോസ്കോ പുത്തൂർ പിതാവിന്റെ നേതൃ ത്വത്തിലാണ് അദ്ദേഹത്തെ രൂപതാ കേന്ദ്രത്തിലേയ്ക്ക് സ്വീകരിച്ചാനയി ച്ചത്. ഫാ.പീറ്റർ കാവുംപുറം, ഫാ.വർഗീസ് കുരിശിങ്കൽ, ഫാ.ടോമി കളത്തൂർ, ഫാ.ജോസി കിഴക്കേത്തലയ്ക്കൽ തുടങ്ങിയ വൈദികരും നിരവധി ജനങ്ങളും പങ്കെടുത്തു. ഫാ.പീറ്റർ കാവുംപുറത്തിന്റെ നേതൃ ത്വത്തിൽ നടന്ന യാമപ്രാർത്ഥനയോടെ ചടങ്ങുകൾ ആരംഭിച്ചു.

സത്യവും നീതിയും മാത്രമല്ല, കാരുണ്യവും ദയയും ചേർന്ന അപൂർവ്വ വ്യക്തിത്വത്തിന്റെ ഉടമയാണ് ജസ്റ്റിസ് കുര്യൻ ജോസഫെന്ന് മാർ പുത്തൂർ പറഞ്ഞു. സത്യത്തിന്റെ പാതയിൽ നിന്ന് വ്യതിചലി ക്കാതെ ജീവിച്ച നമ്മുടെ പൂർവ്വികരേപ്പോലെ നമ്മളും സത്യത്തെ മുറു കെപ്പിടിച്ചുകൊണ്ട് ഓസ്ട്രേലിയയിലെ ഇതര സമൂഹങ്ങൾക്ക് സാക്ഷ്യ മാകണമെന്ന് ജസ്റ്റിസ് കുര്യൻ ജോസഫ് ഉദ്ബോധിപ്പിച്ചു.

# മനസ്സ് തളരുമ്പോൾ...?

**Dr. P.M. Chacko Palakunnel**
Principal, Nirmal Jyothi Institute-
of Counseling and Psychotherapy
familycornerlaityvoice@gmail.com



തോമസ് 50 വയസുള്ള ബിസിനസ്കാരനാണ്. പല ബിസിനസുകളും നടത്തി പരാജയപ്പെട്ടു. ആവശ്യത്തിന് ഭൂസ്വത്ത് ഉള്ളതിനാൽ വലിയ പ്രശ്നങ്ങളില്ലാതെ പ്രതിസന്ധിയിൽ നിന്നൊക്കെ രക്ഷപെട്ടുകൊണ്ടിരുന്നു. ഈയിടെ പുതിയൊരു ബിസിനസിൽ ഇടപെട്ട് ലക്ഷങ്ങൾ കടം കയറിയിരിക്കുകയാണ്. മകൾ ഡോക്ടറും മകൻ നല്ല ഒരു പ്രൊഫഷനിൽ വിദേശത്തുമാണ്. മകൻ ഈയിടെ ജോലിക്കു കയറിയതേയുള്ളൂ. അതിനാൽ പിതാവിന് സാമ്പത്തിക സഹായം ചെയ്തുകൊടുക്കാൻ മാത്രം സാമ്പത്തിക ഭദ്രത കൈവന്നിട്ടില്ല. എങ്കിലും ഏതാനും മാസങ്ങൾക്കകം കാര്യങ്ങൾ നേരെയാക്കാമെന്നാണ് മകൻ പറയുന്നത്. തോമസ് സാമ്പത്തിക കാര്യത്തിൽ വളരെ അസ്വസ്ഥനാണ്. ഒരുമാസമായി അമിതമദ്യപാനത്തിനടിമയാണ്. ഓഫീസിൽ നിന്ന് കുടിച്ചിട്ടുവന്നാലും കുപ്പിയുമായി വീട്ടിൽ വന്നിരുന്നും ഒറ്റയ്ക്കു കുടിക്കും. ഭാര്യ എന്തെങ്കിലും പറഞ്ഞാൽ അമിതമായി പ്രതികരിക്കും. ഈയിടെയായി ഭക്ഷണത്തോട് തീരെ താല്പര്യമില്ല. കൂടുതൽ സമയവും മൗനമായിരിക്കുകയാണ്. വിശപ്പില്ലായ്മയെപ്പറ്റി പറയാനാണ് എന്റെയടുത്ത് എത്തിയത്. പരിശോധനയിൽ കരളിന്റെ പ്രവർത്തനത്തിൽ തകരാറുള്ളതായും കണ്ടെത്തി.

തോമസ് ഇരുപത്തിയഞ്ചാം വയസിൽ മദ്യപാനം തുടങ്ങിയതാണ്. ഇടയ്ക്കിടെ ദിവസങ്ങൾ തുടർച്ചയായി മദ്യപിക്കും. കുറച്ചുനാളത്തേയ്ക്ക് നിർത്തിവയ്ക്കും. വീണ്ടും എന്തെങ്കിലും ഒരു ചെറിയ മാനസികസംഘർഷത്തിന്റെ കാരണം പറഞ്ഞ് വീണ്ടും മദ്യപാനം ആരംഭിക്കും. മദ്യപാനചികിത്സാകേന്ദ്രങ്ങളിൽ പലയിടത്തും ചികിത്സ നടത്തിയിട്ടും കുറച്ചുകാലം കഴിയുമ്പോൾ ഈ പ്രക്രിയ പുനരാരംഭിക്കുകയാണ് ചെയ്യുക. തോമസ് മദ്യപിക്കാത്തപ്പോൾ സൗമ്യനും ശാന്തശീലനുമാണ്. പെട്ടെന്ന് പ്രകോപിതനാകാറില്ല. മദ്യപിച്ച്കഴിയുമ്പോൾ ഈയിടെയായി പെട്ടെന്ന് പ്രകോപിതനാകുകയാണ്. ഭാര്യയെ ചെറിയതോതിൽ ഉപദ്രവിക്കാനും തുടങ്ങിയിട്ടുണ്ട്.

തോമസുമായി വിശദമായി സംസാരിച്ചപ്പോൾ തോമസിന് ഒരു കാര്യവും തനിയെ ചെയ്യുവാൻ ധൈര്യമില്ല എന്നു മനസിലായി. ആരെങ്കിലും പറയുന്നതുകേട്ട് ബിസിനസിൽ എടുത്തുചാടും. കുറച്ചുകഴിയുമ്പോൾ ബിസിനസ് പരാജയപ്പെട്ടുപോകുമോ, തന്നെക്കൊണ്ട് ഇതു തുടർന്നുപോകുവാൻ കഴിയുമോ എന്നൊക്കെയുള്ള ചിന്തകൾ വരും. ഏതെങ്കിലും സമയത്ത് ഉദ്ദേശിച്ച തരത്തിൽ ബിസിനസ് മുമ്പോട്ടുപോകാതെ വരുമ്പോൾ പെട്ടെന്ന് മനസ്സിന്റെ സന്തുലിതാവസ്ഥ നഷ്ടപ്പെടുകയും മദ്യപാനം ആരംഭിക്കുകയും ചെയ്യും. മദ്യപാനത്തിൽ ശ്രദ്ധകൂടിക്കഴിയുമ്പോൾ ബിസിനസ് കാര്യങ്ങൾ സ്വാഭാവികമായും അവഗണിക്കപ്പെടുകയും കൂടുതൽ നഷ്ടത്തിന് വഴിതെളിയുകയും ചെയ്യും. സഹോദരന്മാരിൽ ഒരാൾ നല്ല ഉദ്യോഗസ്ഥനും മറ്റൊരാൾ വളരെ വിജയപ്രദമായി ബിസിനസ് നടത്തുന്ന ആളുമാണ്. മദ്യപിച്ചുകഴിയുമ്പോൾ തന്നെക്കൊണ്ട് ഒന്നിനും കൊള്ളില്ലെന്നും മറ്റുള്ള സഹോദരന്മാരൊക്കെ മിടുക്കന്മാരാണെന്നും പറഞ്ഞ് വിലപിക്കും. ഒരിക്കൽ സഹോദരൻ ചെയ്തുകൊണ്ടിരുന്ന ബിസിനസ് തന്നെ തോമസ് തുടങ്ങുകയും അതിന്റെ പേരിൽ സഹോദരനുമായി പിണങ്ങുകയും ചെയ്തു. കുറച്ചുകാലം കഴിഞ്ഞ് പരാജയഭീതിയിൽ ആ ബിസിനസും അടച്ചുപൂട്ടി.

തോമസുമായി കുറച്ചുനേരം സംസാരിച്ചപ്പോൾ പ്രതിസന്ധികൾ വരുമ്പോഴാണ് തോമസ് മദ്യപാനത്തിലേയ്ക്ക് വീണുപോകുന്നതെന്ന് മനസിലായി. പ്രതിസന്ധികൾ ഉള്ളവരെല്ലാം മദ്യപിക്കണമെന്നില്ലല്ലോ. കൂടുതൽ വിശദാംശങ്ങൾ തോമസിൽ നിന്നു ശേഖരിക്കുവാൻ ശ്രമിച്ചെങ്കിലും തോമസിന്റെ ഓർമ്മയിൽ നിന്ന് ഒന്നും തന്നെ ലഭിച്ചില്ല. തോമസിനെ സ്വസ്ഥമായി ഒരിടത്തിരുത്തി അവയർനസ് ഇക്വാനിമിറ്റിയിലൂടെ കടന്നുപോകാൻ അനുവദിച്ചു. പിന്നീട് ഇന്നുതൊട്ട് ചെറുപ്പംവരെയുള്ള കാലഘട്ടത്തിലേയ്ക്ക് റിഗ്രസ് ചെയ്യിപ്പിച്ചപ്പോൾ പല കാലഘട്ടങ്ങളിലും മനസിനെ മുറിപ്പെടുത്തിയ സംഭവങ്ങൾ പൊന്തിവന്നു. ആറാം ക്ലാസിൽ പഠിക്കുന്ന സമയത്ത് കടയിൽ പോയി സാധനം വാങ്ങുന്നത് വലിയ ഇഷ്ടമായിരുന്നു. സാധാരണ ചേട്ടനായിരുന്നു സാധനം വാങ്ങാൻ പോയിരുന്നത്. അന്ന് നിർബന്ധിച്ച് അമ്മയിൽ നിന്ന് അനുവാദം വാങ്ങി അപ്പനറിയാതെ ചേട്ടനുപകരം കടയിൽപോയി സാധനങ്ങൾ വാങ്ങി ഒരു സഞ്ചിയിലാക്കി നടന്നുവരുകയായിരുന്നു. ഒരു ചെറിയ തോടുകടന്നുവേണം വീട്ടിലേയ്ക്ക് വരാൻ. അതിൽ ഒരു ചെറിയ തടിപ്പാലമുണ്ടായിരുന്നു. അതിലൂടെ നടന്നുവരുമ്പോൾ പുറകെ ഒരു പട്ടിവരുന്നതുകണ്ട് വേഗത്തിൽ പാലം കടക്കാൻ ശ്രമിച്ചപ്പോൾ കാൽവഴുതി തോട്ടിൽവീണു. പഞ്ചസാരയും എണ്ണക്കുപ്പിയുമുണ്ടായിരുന്നു സഞ്ചിയിൽ. കുപ്പിപൊട്ടി എണ്ണയും നഷ്ടപ്പെട്ടു, കല്ലിൽ തട്ടി കാലിലെ തൊലിയും പോയി. വീട്ടിൽ വന്നപ്പോൾ അപ്പൻ വളരെയധികം കോപിച്ച് തന്നെ കടയിൽ വിട്ടതിന് അമ്മയേയും ജ്യേഷ്ഠനേയും കഠിനമായി ശകാരിച്ചു: "അല്ലെങ്കിലും ഒരു കഴകത്തുകെട്ടവനാണെന്നറിഞ്ഞിട്ടും അവനെ പറഞ്ഞുവിട്ടവരെയാണ് തല്ലേണ്ടത്" എന്നു പറഞ്ഞു കലിതുള്ളി. "അവൻ എന്തെങ്കിലും കാര്യം നന്നായി ചെയ്യുമോ? മാർക്കും വളരെ കേമമല്ലേ" എന്നുകൂടി അപ്പൻ പറഞ്ഞത് ഓർമ്മയിൽ വന്നു. സംസാരിച്ചുകൊണ്ടിരുന്നപ്പോൾ കണ്ണിൽക്കൂടി കണ്ണുനീർ ഒഴുകിക്കൊണ്ടിരുന്നു. ആ സംഭവം ഏൽപ്പിച്ച ആഘാതം മൂലം ഏതു കാര്യവും ചെയ്യുമ്പോഴും തന്നെക്കൊണ്ടതാവില്ല എന്ന ഒരു ആന്തരിക ശബ്ദം അയാൾ കേട്ടിരുന്നു. അതിനെത്തുടർന്ന് മനസ് അസ്വസ്ഥമാവുകയും അസ്വസ്ഥത മാറ്റാൻ മദ്യത്തിലോ മറ്റെന്തെങ്കിലും കാര്യത്തിലോ അഭയം പ്രാപിക്കുകയും ചെയ്തിരുന്നു. ആ സംഭവത്തിന്റെ ആഘാതം ധ്യാനാവസ്ഥയിൽ ശ്രദ്ധയിലേയ്ക്കു കൊണ്ടുവന്ന് അത് പൂർണ്ണമായി മനസിൽ നിന്നു മാറ്റിയപ്പോൾ വലിയ ആശ്വാസം അനുഭവപ്പെടുകയും പ്രതിസന്ധികളെ മറ്റുരീതികളിൽ നേരിടുവാൻ കരുത്ത് ആർജ്ജിക്കുകയും ചെയ്തു.

**അന്ന് നിർബന്ധിച്ച് അമ്മയിൽ നിന്ന് അനുവാദം വാങ്ങി അപ്പനറിയാതെ ചേട്ടനുപകരം കടയിൽപോയി സാധനങ്ങൾ വാങ്ങി ഒരു സഞ്ചിയിലാക്കി നടന്നുവരുകയായിരുന്നു. ഒരു ചെറിയ തോടുകടന്നുവേണം വീട്ടിലേയ്ക്ക് വരാൻ. അതിൽ ഒരു ചെറിയ തടിപ്പാലമുണ്ടായിരുന്നു. അതിലൂടെ നടന്നുവരുമ്പോൾ പുറകെ ഒരു പട്ടിവരുന്നതു കണ്ട് വേഗത്തിൽ പാലം കടക്കാൻ ശ്രമിച്ചപ്പോൾ കാൽവഴുതി തോട്ടിൽവീണു.**

അതുകൊണ്ട് മനസിന്റെ ഉള്ളിൽ വിസ്മൃതിയിലാണ്ടുകിടക്കുന്ന സംഭവങ്ങൾ മദ്യപാനത്തിനും മറ്റു ശീലങ്ങൾക്കും കാരണമായിത്തീരാം എന്ന് നാം അറിഞ്ഞിരിക്കണം. ശീലങ്ങളുടെ ബാഹ്യഭാവത്തെ മാത്രം എത്രപ്രാവശ്യം ചികിത്സിച്ചാലും ഈ ആന്തരീകവേര് പിഴുതെടുത്തില്ലെങ്കിൽ ശാശ്വതമായ പരിഹാരം ഉണ്ടാവുകയില്ല.

# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

44

## വിദ്യാഭ്യാസം

കഴിഞ്ഞ ലക്കം തുടർച്ച.......

**4.ക്രിസ്തീയ വിദ്യാഭ്യാസത്തിനുള്ള മാർഗ്ഗങ്ങൾ-** വിദ്യാഭ്യാസപരമായ ഈ ധർമ്മനിർവ്വഹണത്തിൽ യുക്തമായ എല്ലാ മാർഗ്ഗങ്ങളും ഉപയോഗിക്കുന്നതിൽ തിരുസ്സഭ ദത്തശ്രദ്ധയാണ്; സ്വകീയമായവയിൽ പ്രത്യേകിച്ചും സഭയ്ക്കു താൽപര്യമുണ്ട്. സ്വകീയ മാർഗ്ഗങ്ങളിൽ മുൻപന്തിയിൽ നിലകൊള്ളുന്നത് മതബോധനമാണ്. മതബോധനം വിശ്വാസത്തിനു തെളിവും ജീവനും നൽകുന്നു; ക്രിസ്തുവിന്റെ ചൈതന്യത്തിനു യോജിച്ച ഒരു ജീവിതം വളർത്തിയെടുക്കുന്നു. ആരാധനക്രമങ്ങളിൽ ബോധപൂർവ്വമായും സജീവമായും പങ്കെടുക്കാൻ ഒരുവനെ നയിക്കുന്നു; അതു പ്രേഷിതപ്രവർത്തനത്തെ തട്ടിയുണർത്തുകയും ചെയ്യുന്നു. മനസ്സിനെ സംസ്കരിക്കുന്നതും മനുഷ്യന് രൂപം കൊടുക്കുന്നതും മനുഷ്യരുടെ പൊതുപൈതൃകമായി പരിഗണിക്കപ്പെടുന്നതുമായ അദ്ധ്യയനസാധകങ്ങളെ സഭ വളരെയധികം വിലമതിക്കുന്നുണ്ട്. അവയിൽ അവളുടെ ചൈതന്യം പകർന്ന് അവയെ ഉത്കൃഷ്ടമാക്കാനും സഭ പരിശ്രമിക്കുന്നു. ആശയവിനിമയ മാർഗ്ഗങ്ങൾ ബൗദ്ധികവും ഭൗതികവുമായ ഉന്നമനത്തിനുവേണ്ടി അർപ്പിക്കപ്പെട്ടിട്ടുള്ള നിരവധി സമൂഹങ്ങൾ, യുവജനസംഘടനകൾ, പ്രത്യേകിച്ചും വിദ്യാലയങ്ങൾ എന്നിവ ഇത്തരത്തിൽ പെട്ടവയാണ്.



**5. സ്കൂളുകളുടെ പ്രാധാന്യം-**വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഇടയിൽ വിദ്യാലയത്തിന് പ്രത്യേക പ്രാധാന്യമാണുള്ളത്. വിദ്യാലയങ്ങൾ അവയുടെ ലക്ഷ്യമനുസരിച്ചുതന്നെ വിദ്യാർത്ഥികളുടെ ബുദ്ധിപരമായ കഴിവുകളെ സശ്രദ്ധം പോഷിപ്പിക്കുന്നു; വിവേചനാശക്തി വർദ്ധിപ്പിക്കുന്നു; മുൻതലമുറകളിലൂടെ രൂപം പ്രാപിച്ച സാംസ്കാരികപാരമ്പര്യസമ്പത്തിൽ ആഭിമുഖ്യം നൽകുന്നു; മൂല്യബോധം കൈവളർത്തുന്നു; വിദ്യാർത്ഥികളെ തൊഴിൽപരമായ ജീവിതത്തിന് ഒരുക്കുന്നു; വിവിധങ്ങളായ ജീവിത പശ്ചാത്തലങ്ങളോടും വാസനകളോടും കൂടിയ വിദ്യാർത്ഥികളിൽ സുഹൃദ്ബന്ധം പുലർത്തി അവരിൽ പരസ്പരധാരണയുടെ ചൈതന്യം വളർത്തുകയും ചെയ്യുന്നു. ഇതിനും പുറമെ, കുടുംബങ്ങളും അദ്ധ്യാപകരും പലവിധത്തിലുള്ള സാംസ്കാരികവും രാഷ്ട്രീയവും മതപരവുമായ സമൂഹങ്ങളും, സാമൂഹ്യസംഘടനകളുമെന്നല്ല മനുഷ്യസമുദായം മുഴുവൻതന്നെയും സംഘടിതമായ സഹകരണത്തോടെ പ്രയത്നിച്ചു പ്രവൃദ്ധമാക്കേണ്ടതായ കേന്ദ്രങ്ങളെന്ന നിലയിൽ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു.

അദ്ധ്യാപകരുടെ ദൈവവിളി-മാതാപിതാക്കളെ അവരുടെ ചുമതലാനിർവഹണത്തിൽ സഹായിക്കുന്ന അദ്ധ്യാപകരുടെ ദൈവവിളി മഹത്തരവും അതേസമയം ഗൗരവതരവുമാണ്. മനുഷ്യസമുദായത്തിനുവേണ്ടി അതിന്റെ പ്രാതിനിധ്യം വഹിച്ചുകൊണ്ട് അദ്ധ്യാപകർ വിദ്യാലയങ്ങളിൽ പഠിപ്പിക്കുക എന്ന ജോലി സ്വയമേറ്റെടുക്കുന്നു. അവരുടെ ജീവിതവിളി ഫലസംദായകമാക്കാൻ മനസ്സിന്റെയും ഹൃദയത്തിന്റെയും പ്രത്യേക കഴിവുകളും, അത്യധികം ശ്രദ്ധാപൂർവ്വമായ ഒരുക്കവും, നവീകരണത്തിനും ആനുരൂപീകരണത്തിനും സദാസന്നദ്ധമായ ഒരു മനസ്സും ആവശ്യമാണ്.

**6. മാതാപിതാക്കളുടെ ചുമതലാവകാശങ്ങൾ**-സ്വസന്താനങ്ങളെ വിദ്യ അഭ്യസിപ്പിക്കാൻ പ്രാഥമികവും അന്യാധീനപ്പെടുത്താനാവാത്തതുമായ ചുമതലയും അവകാശവുമുള്ളതിനാൽ മാതാപിതാക്കൾക്ക് വിദ്യാലയങ്ങൾ തെരഞ്ഞെടുക്കാനുള്ള ശരിയായ സ്വാതന്ത്ര്യം ഉണ്ടായിരിക്കേണ്ടതാണ്. ഈ പൗരസ്വാതന്ത്ര്യം പരിപാലിക്കുകയും പരിരക്ഷിക്കുകയും ചെയ്യേണ്ട രാഷ്ട്രം വിതരണനീതിയെ മാനിച്ചുകൊണ്ട് മാതാപിതാക്കൾക്ക് സ്വമനസാക്ഷിക്കനുസരണമായി പൂർണ്ണസ്വാതന്ത്ര്യത്തോടെ തങ്ങളുടെ കുട്ടികൾക്കുവേണ്ടി വിദ്യാലയങ്ങൾ തെരഞ്ഞെടുക്കാൻ കഴിവുണ്ടാകത്തക്കവിധം പൊതുഫണ്ടുകൾ നീക്കിവയ്ക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

കൂടാതെ സാമൂഹ്യാവകാശങ്ങൾ അനുഭവിക്കാനും ചുമതലകൾ നിർവഹിക്കാനും പൗരന്മാരെ വേണ്ടതുപോലെ ഒരുക്കാനുള്ള ചുമതലയും രാഷ്ട്രത്തിനുണ്ട്. അതുപോലെതന്നെ സാംസ്കാരികമൂല്യങ്ങളിൽ ന്യായമായി ഭാഗഭാക്കുകളാകാൻ കഴിവുണ്ടാകുന്നതിനുപറ്റിയ അവസരം എല്ലാവർക്കും ഉണ്ടാക്കിക്കൊടുക്കാനുള്ള ചുമതലയും രാഷ്ട്രത്തിന്റേതാണ്. തക്കതായ വിദ്യാഭ്യാസത്തിന് കുട്ടികൾക്കുള്ള അവകാശം രാഷ്ട്രം സംരക്ഷിക്കണം. അദ്ധ്യാപകരുടെ യോഗ്യതകളും പരിശീലനത്തിന്റെ മേന്മയും രാഷ്ട്രം നോക്കേണ്ടതുണ്ട്. വിദ്യാർത്ഥികളുടെ ആരോഗ്യത്തിൽ ശ്രദ്ധ പതിപ്പിക്കാനും പൊതുവെ വിദ്യാലയങ്ങളുടെ സമഗ്രമായ പ്രവർത്തനപരിപാടി പ്രോത്സാഹിപ്പിക്കുകയും വേണം. എന്നാൽ അങ്ങനെ ചെയ്യുമ്പോൾ സാമൂഹ്യജീവിതത്തിൽ കീഴ്ഘടകങ്ങൾക്ക് ചെയ്യാവുന്നവ മേൽഘടകങ്ങൾ നേരിട്ട് ഏറ്റെടുക്കരുതെന്ന തത്വം കൺമുമ്പിൽ വച്ചുകൊണ്ട്

**സാംസ്കാരികമൂല്യങ്ങളിൽ ന്യായമായി ഭാഗഭാക്കുകളാകാൻ കഴിവുണ്ടാകുന്നതിനു പറ്റിയ അവസരം എല്ലാവർക്കും ഉണ്ടാക്കിക്കൊടുക്കാനുള്ള ചുമതലയും രാഷ്ട്രത്തിന്റേതാണ്. തക്കതായ വിദ്യാഭ്യാസത്തിന് കുട്ടികൾക്കുള്ള അവകാശം രാഷ്ട്രം സംരക്ഷിക്കണം. അദ്ധ്യാപകരുടെ യോഗ്യതകളും പരിശീലനത്തിന്റെ മേന്മയും രാഷ്ട്രം നോക്കേണ്ടതുണ്ട്.**

ഏതെങ്കിലും തരത്തിലുള്ള വിദ്യാഭ്യാസകുത്തക സ്ഥാപിക്കാനുള്ള യത്നം പരിവർജ്ജിക്കേണ്ടതാണ്. അത്തരം കുത്തകവ്യവസ്ഥിതി മനുഷ്യവ്യക്തിയുടെ ജന്മാവകാശങ്ങൾക്കും സംസ്കാരത്തിന്റെതന്നെ പുരോഗതിക്കും പ്രചാരത്തിനും, സാമൂഹിക സൗഹാർദ്ദത്തിനും ഇന്നു പലസമൂഹങ്ങളിലും നിലവിലിരിക്കുന്ന ജീവിതവൈവിധ്യത്തിനും കടകവിരുദ്ധമാണ്.

പഠനപദ്ധതികളും ഏറ്റവും പറ്റിയ അദ്ധ്യയനമാർഗ്ഗങ്ങളും കണ്ടുപിടിക്കാനും, യുവജനങ്ങൾക്ക് ഏറ്റവും കാര്യക്ഷമമായ വിദ്യാഭ്യാസം നൽകാൻ സമർത്ഥരായ അദ്ധ്യാപകരെ പരിശീലിപ്പിക്കാനും ഉദാരമായി സഹായിക്കാൻ പരിശുദ്ധ സൂനഹദോസ് വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നു. പ്രത്യേകിച്ചും രക്ഷാകർത്താക്കളുടെ സംഘടനകളിലൂടെ വിദ്യാലയത്തിന്റെ പൊതുലക്ഷ്യവും മുഖ്യമായി അവിടെ നൽകേണ്ട ധാർമ്മികവിദ്യാഭ്യാസവും വിജയകരമാക്കാൻ അവർ സഹായിക്കേണ്ടതാണ്.

(തുടരും)

നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).

# ചാവറയച്ചനേയും എവുപ്രാസ്യാമ്മയേയും നവംബർ 23നു വിശുദ്ധരായി പ്രഖ്യാപിക്കും

വത്തിക്കാൻ സിറ്റി: വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചനും, വാഴ്ത്തപ്പെട്ട എവുപ്രാസ്യമ്മയും നവംബർ 23നു വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്ത പ്പെടും. വത്തിക്കാനിൽ നടന്ന കർദിനാൾമാരു ടെ പ്രത്യേക യോഗത്തിൽ ഫ്രാൻസിസ് മാർപാപ്പയാണ് ഇതുസംബന്ധിച്ച പ്രഖ്യാപനം നടത്തിയത്. നവംബർ 23നു വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ നടക്കുന്ന തിരുക്കർമങ്ങൾക്കിടയിലാണ് ഇരുവരെയും വിശുദ്ധരായി പ്രഖ്യാപിക്കുന്നത്. നാമകരണ നടപടികൾക്കായുള്ള തിരുസംഘത്തിന്റെ തലവൻ കർദിനാൾ ആഞ്ജലോ അമാറ്റോ ചാവറയച്ചനെയും എവുപ്രാസ്യമ്മയെയും വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തുന്ന തീയതി പ്രഖ്യാപിക്കാൻ മാർപാപ്പയെ



ക്ഷണിച്ചു. ഇരുവർക്കുമൊപ്പം നാലുപേരെക്കൂടി കത്തോലിക്കാ സഭ വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തും. വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തപ്പെടുന്ന ആറു പേരുടെയും ലഘുജീവചരിത്രം കർദിനാൾ അമാറ്റോ വിവരിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള 50 കർദിനാൾമാർ വത്തിക്കാൻ കൊട്ടാരത്തിലെ കൺസിസ്റ്ററി ഹോളിൽ നടന്ന യോഗത്തിൽ സംബന്ധിച്ചു. ചാവറയച്ചന്റെയും എവുപ്രാസ്യാമ്മയുടെയും നാമകരണ നടപടികളുടെ പോസ്റ്റുലേറ്റർ ജനറൽ റവ. ഡോ. ചെറിയാൻ തുണ്ടുപറമ്പിൽ സിഎംഐ ഉൾപ്പെടെയുള്ള പോസ്റ്റുലേറ്റർ ജനറൽമാർ യോഗത്തിൽ സംബന്ധിച്ചു.

തീയതി പ്രഖ്യാപനത്തെത്തുടർന്നു സിഎംഐ മാർത്തോമ്മാ ഭവനിൽ നടന്ന കൃതജ്ഞതാപ്രാർഥനയ്ക്കു സിഎംഐ പ്രിയോർ ജനറാൾ റവ. ഡോ. പോൾ ആച്ചാണ്ടിയും പോസ്റ്റുലേറ്റർ ജനറൽ റവ. ഡോ. ചെറിയാൻ തുണ്ടുപറമ്പിലും നേതൃത്വം നൽകി. റോമിലുള്ള സിഎംഐ വൈദികരും സിഎംസി സന്യാസിനികളും പ്രാർഥനയിൽ സംബന്ധിച്ചു.

# വിലയറിയാതെ കൈവിട്ടുകളഞ്ഞ ആദ്യസമ്മാനം

1963–64 കാലഘട്ടത്തിൽ സിഎംഐ ഫാദേഴ്സിന്റെ മാനേജ്മെന്റിലുള്ള പാലാ സെന്റ് വിൻസന്റ് ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ ബോർഡിംഗിൽ താമസിച്ച് ലേഖകൻ പഠിക്കുന്ന കാലം. കേരളത്തിൽ അന്ന് വളരെ വിരള

**പയസ് എബ്രഹാം കോക്കാപ്പള്ളി**

മായി മാത്രമേ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ഉണ്ടായിരുന്നുള്ളൂ. അന്ന് ഫാദർ ജെരാർദ്ദ് തേവലശ്ശേരിയായിരുന്നു ബോർഡിംഗ് ഡയറക്ടർ. സ്കൂളിലും കോളജിലുമായി അനേകം ഗുരുക്കന്മാരുണ്ടായിരുന്നെങ്കിലും വിദ്യാർത്ഥികൾ സ്നേഹപൂർവ്വം കൊച്ചച്ചൻ എന്നു വിളിക്കുന്ന ജെരാർദ്ദച്ചൻ ഇന്നു ജീവിച്ചിരിപ്പില്ലെങ്കിലും ലേഖകന്റെ മനസ്സിൽ ഇന്നും ആ സ്നേഹദീപം അണയാതെ നിൽക്കുന്നു. തന്റെ കുട്ടികളുടെ ഉള്ളിലുള്ള കലാ കായിക സാഹിത്യ മേഖലകളിലെ ചെറിയ ഒരു തീപ്പൊരി കത്തുന്ന ജ്വാലയാക്കാൻ അദ്ദേഹത്തിന് പ്രത്യേക കഴിവും അർപ്പണബോധവും ഉണ്ടായിരുന്നു.



വിക്രമാദിത്യ രാജാവിന്റെ ഭരണകാലത്തെന്നപോലെ കൊച്ചച്ചന്റെ കാലത്താണ് സ്കൂളിന് ഒരു നല്ല ഫുട്ബോൾ ടീമുണ്ടായതും അത്‌ലറ്റിക് ടീം ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ട്രോഫികൾ വാരിക്കൂട്ടിയതും, കുട്ടികളിലെ കലാവാസന വളർത്തുവാൻ പുറത്തുനിന്നും കലാകാരന്മാരെ കൊണ്ടുവന്ന്, നാടോടിനൃത്തം, സംഗീതം, ഓട്ടൻ തുള്ളൽ തുടങ്ങിയ കലാരൂപങ്ങൾ അവതരിപ്പിച്ചതും സംഗീതതൽപരരായ വിദ്യാർത്ഥികളെ ചേർത്ത് നല്ല ഒരു സംഗീത ട്രൂപ്പ് ഉണ്ടാക്കിയതും. എല്ലാ വിധ സംഗീതോപകരണങ്ങളും പ്രത്യേകിച്ച് സാധാരണ കാണാത്തതായ മാൻഡൊലിൻ, അക്കോർഡിയൻ, ബുൾബുൾ തുടങ്ങിയവയും കായികകലാകാരന്മാർക്കാവശ്യമായ എല്ലാ സ്പോർട്സ് ഉപകരണങ്ങളും സ്കൂളിൽ വാങ്ങിച്ചു. പ്രസംഗം, ഉപന്യാസരചന, ഡിക്ലമേഷൻ, നാടകാഭിനയം എന്നിവയിലെല്ലാം കുട്ടികൾ പ്രാഗത്ഭ്യം നേടിയതും, നല്ല രീതീയിൽ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുവാൻ പഠിപ്പിച്ചതും, സ്പൂണും ഫോർക്കുമുപയോഗിച്ച് ശരിയായ രീതിയിൽ ഭക്ഷണം കഴിക്കാനും, അരനൂറ്റാണ്ടിനു മുമ്പുതന്നെ പ്രഭാത ഭക്ഷണത്തിന് കോൺഫ്ളേക്സും വീറ്റ് ഫ്ളേക്സുമൊക്കെ പരിചയപ്പെടുത്തിയതും കൊച്ചച്ചൻതന്നെ. അദ്ദേഹം മരണമടയുന്നതിന് ഏതാനും വർഷം മുമ്പ് വിശ്രമജീവിതം നയിച്ചുവന്ന മാന്നാനം കൊവേന്തയിൽ കുടുംബസമേതം പോയി സന്ദർശിക്കുവാൻ സാധിച്ചത് സ്മരിക്കുന്നു.

കൊച്ചച്ചന്റെ പ്രോത്സാഹനത്തോടെ സ്കൂൾ ആനിവേഴ്സറിയോടനുബന്ധിച്ച് നടത്തിയ ഉപന്യാസ മത്സരത്തിൽ ലേഖകന് ഒന്നാം സമ്മാനം ലഭിച്ചു. അഭിമാനത്തോടെ സ്റ്റേജിൽ കയറി സമ്മാനം വാങ്ങി തുറന്നുനോക്കിയപ്പോൾ നിരാശയായിരുന്നു ഫലം. "നാകത്തെ നായ" എന്നു പേരുള്ള ഒരു കവിതാ പുസ്തകം. ഫ്രാൻസീസ് തോംസൺ എഴുതിയ ഈ കൃതിയുടെ ഇംഗ്ലീഷ് പേര് "The Hound of Heaven" എന്നും എഴുതിയിട്ടുണ്ട്. ഒരു ടിൻ പൗഡറോ, മണമുള്ള സോപ്പോ പ്രതീക്ഷിച്ച പത്തുവയസുകാരന് ഈ ബുക്കിന്റെ മൂല്യം മനസിലാവുകയോ, ഫ്രാൻസീസ് തോംസൺ ആരെന്നോ അറിയില്ലായിരുന്നു. വർഷങ്ങൾക്കുശേഷം ഫ്രാൻസീസ് തോംസൺ ഒരു തത്വചിന്തകനെന്നും സ്വർഗ്ഗത്തെ വേട്ടപ്പട്ടിയെന്നർത്ഥമുള്ള The Hound of Heaven അദ്ദേഹത്തിന്റെ മഹത്തരമായ കൃതിയാണെന്നും മനസ്സിലാക്കിയപ്പോഴേയ്ക്കും കൊച്ചച്ചൻ തിരഞ്ഞെടുത്ത് സമ്മാനിച്ച ആ അമൂല്യ സമ്മാനം കൈവിട്ടുപോയിരുന്നു.

നാം നമ്മുടെ ദൈവത്തെ വിട്ട് എത്ര ദൂരം ഓടിയാലും നമ്മെ വിടാതെ പിൻതുടരുന്ന വേട്ടപ്പട്ടിക്ക് സമാനമാണ് നമ്മുടെ ദൈവം. എല്ലാ നായ്ക്കളെയും വേട്ടപ്പട്ടിയാക്കാറില്ല. വേട്ടമൃഗത്തെ ഓടിച്ചുതളർത്തി വേട്ടക്കാരന്റെ മുന്നിലെത്തിക്കുകയാണ് പരിശീലനം സിദ്ധിച്ച വേട്ടപ്പട്ടികൾ ചെയ്യുന്നത്. നാം ദൈവത്തെ വിട്ട് ഓടിയാലും ഒരു വേട്ടപ്പട്ടിയേപ്പോലെ നമ്മെ വിടാതെ പിൻതുടർന്ന് എത്തേണ്ടിടത്ത് എത്തിക്കുന്ന ദൈവം. ഇത്ര വലിയ സന്ദേശമുള്ള കൃതിയാണെന്നറിഞ്ഞിരുന്നെങ്കിൽ അത് നഷ്ടപ്പെടുത്തില്ലായിരുന്നു. *നമുക്കോരോരുത്തർക്കും ദൈവത്തിൽ നിന്നും ഒരു സമ്മാനം ലഭിച്ചിട്ടുണ്ട്. നമുക്കു കിട്ടിയ കഴിവുകളും താലന്തുകളുമാണവ. അവയുടെ മൂല്യം തിരിച്ചറിഞ്ഞ് ആ ചെറിയ തീപ്പൊരി ഊതിയൂതി ഒരു വലിയ ജ്വാലയാക്കാം.*

# ആക്രമിക്കപ്പെടുന്ന കുടിയേറ്റ ജനതയെ സംരക്ഷിക്കുന്നതിൽ സഭയുടെ പങ്കാളിത്തത്തിന് നേതൃത്വം നൽകും: ഐസിഎംസി

റോം: രാജ്യാന്തര കുടിയേറ്റ ജനതയെ ആക്രമണങ്ങളിൽ നിന്നു സംരക്ഷിക്കുന്നതിന് സഭയ്ക്ക് എന്തു പങ്കുവഹിക്കാനാകുമെന്നതിനെപ്പറ്റി ചർച്ചചെയ്യാനായി ഇന്റർനാഷണൽ കാത്തലിക് മൈഗ്രേഷൻ കമ്മീഷന്റെ (ഐസിഎംസി) ഭരണസമിതി യോഗംചേർന്നു.

യൂറോപ്യൻ രാജ്യങ്ങളിൽ കുടിയേറ്റത്തിനെതിരെയുള്ള ജനഹിതം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പരദേശികളോടുള്ള സ്പർദ്ധയുടെ രൂക്ഷത തടയുന്നതിന് അവരുടെ പക്ഷത്തുനിന്ന് സംസാരിക്കാനൊരു നേതൃത്വം ആവശ്യമാണ്. പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ ഈ ദൗത്യം ഏറ്റെടുക്കുകയും കുടിയേറ്റ ജനതയോട് കൂടുതൽ ആഥിത്യമര്യാദയുള്ള പുതിയൊരു ലോകം സൃഷ്ടിക്കുന്നതിനെപ്പറ്റി സംസാരിക്കുകയും ചെയ്തു. സംരക്ഷകരെന്ന നിലയിൽ കത്തോലിക്കാ സഭയുടെ പങ്ക് വർദ്ധിപ്പിക്കുന്നതിനും മറ്റ് മേഖലകളിലുള്ളവരുമായി ക്രിയാത്മക പങ്കാളിത്തത്തിനും പുതിയതും അത്യാവശ്യവുമായ പരിഹാരമാർഗ്ഗങ്ങൾ വികസിപ്പിക്കുന്നതിനും ഐസിഎംസി ഭരണസമിതിയോട് അദ്ദേഹം ആവശ്യപ്പെട്ടു.

ഒരു കത്തോലിക്കനെന്ന നിലയിൽ ഇതിന്റെ സ്ഥാപകതത്വങ്ങളിൽ താൻ വിശ്വസിക്കുന്നതായി രാജ്യാന്തര കുടിയേറ്റവുമായി ബന്ധപ്പെട്ട ഐക്യരാഷ്ട്ര സഭ സെക്രട്ടറി ജനറലിന്റെ പ്രത്യേക പ്രതിനിധി സർ പീറ്റർ സതർലൻഡ് ഊന്നിപ്പറഞ്ഞു. മനുഷ്യന്റെ അന്തസിലും തുല്യതയിലും താൻ വിശ്വസിക്കുന്നു. ഇക്കാരണത്താൽ തന്നെ താൻ ആഗോളതലത്തിലുള്ള, പ്രത്യേകിച്ച് യൂറോപ്പിന്റെ ഉദ്ഗ്രഥനത്തിലും ഇതിനെ പിന്തുണയ്ക്കാനുള്ള സ്ഥാപനപരമായ നീക്കങ്ങളിലും പൂർണ്ണമായും വിശ്വാസമർപ്പിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു.

പരിശുദ്ധ പിതാവ് കുടിയേറ്റത്തിന്റെ കാരണങ്ങളെ പിന്തുണയ്ക്കുകയും സഭയുടെ മൂല്യങ്ങൾ വ്യക്തമായി പ്രതിഫലിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് ഇത്തരത്തിൽ ചിന്തിക്കേണ്ട സമയമാണെന്നും അല്ലാത്തപക്ഷം ദേശീയതാവാദവും കുടിയേറ്റവിരുദ്ധവാദവും നമ്മെ മുക്കിക്കളയുമെന്ന് ന്യായമായും ഭയക്കേണ്ടിവരുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ശക്തമായൊരു കുടിയേറ്റ പരിപാലനം സൃഷ്ടിക്കുന്നതിൽ ഐസിഎംസിയും കത്തോലിക്കാസഭാംഗങ്ങളും ഉൾപ്പെടെയുള്ള പൊതുസമൂഹത്തിലെ സംഘടനകളുടെ പങ്കിനെപ്പറ്റിയാണ് ഇന്റർനാഷണൽ ഓർഗനൈസേഷൻ ഓഫ് മൈഗ്രേഷൻ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ അംബാസഡർ ലോറ തോംപ്സൺ സംസാരിച്ചത്. കുടിയേറ്റത്തിന്റെ യാഥാർത്ഥ്യങ്ങളെപ്പറ്റി സമൂഹത്തെ ബോധവൽക്കരിക്കാൻ കഴിയണം. കാപട്യക്കാരെ തുറന്നുകാട്ടാൻ പറ്റുന്ന നേതാക്കളെ നമുക്കാവശ്യമുണ്ട്. നമ്മുടെ എല്ലാ സമൂഹങ്ങളിലും കുടിയേറ്റത്തിന്റെ പ്രാധാന്യത്തെയും പങ്കിനേയും പറ്റിയുള്ള നമ്മുടെ നിലപാട് ഉറപ്പിച്ചെടുക്കാൻ സാധിക്കണമെന്നും ലോറ തോംപ്സൺ പറഞ്ഞു.



*വത്തിക്കാൻ സെക്രട്ടറി ഓഫ് സ്റ്റേറ്റ് കർദിനാൾ പരോളിൻ, ഐസിഎംസി പ്രസിഡന്റ് ശ്രീ ജോൺ ക്ലിങ്ക് എന്നിവർക്കൊപ്പം സിറിൾ സഞ്ജു ജോർജ്.*

മാന്യത പുനഃസ്ഥാപിക്കുകയും ഉദ്ബോധനത്തിൽ മാറ്റം വരുത്തുകയുമാണ് ഐസിഎംസി ലക്ഷ്യമിടുന്നത്. ഇത് വേരറുക്കപ്പെട്ട ജനങ്ങളെ–അഭയാർത്ഥികൾ, ആഭ്യന്തര സ്ഥാനഭ്രംശം വന്ന വ്യക്തികൾ, കുടിയേറ്റക്കാർ–വിശ്വാസവും പൗരത്വവും വംശീയതയും നോക്കാതെ സംരക്ഷിക്കുകയും സേവിക്കുകയും ചെയ്യുന്നു. തങ്ങളുടെ ലോകമെമ്പാടുമുള്ള കാത്തലിക് ബിഷപ്സ് കോൺഫറൻസുകളുടെയും സർക്കാർ സർക്കാറേതര സംഘടനകളുടെയും ശൃംഖലകളിലൂടെ കുടിയേറ്റക്കാരായ ജനങ്ങളും അവരുടെ സമൂഹങ്ങളും നേരിടുന്ന വെല്ലുവിളികളോട് ഈ സംഘടന പ്രതികരിക്കുകയും കൃത്യമായ പരിഹാരമാർഗ്ഗങ്ങൾ ഉപദേശിക്കുകയും ചെയ്യുന്നു.

റോമിൽ നടന്ന യോഗത്തിൽ 53 രാജ്യങ്ങളിലെ ബിഷപ്പ് കോൺഫറൻസുകളുടെ പ്രതിനിധികൾ പങ്കെടുത്തു. യോഗത്തിന് വത്തിക്കാൻ സെക്രട്ടറി ഓഫ് സ്റ്റേറ്റ് കർദിനാൾ പെട്രോ പരോളിൻ, ഐസിഎംസി പ്രസിഡന്റ് ജോൺ ക്ലിങ്ക്, സെക്രട്ടറി ജനറൽ ജൊഹാൻ കീറ്റലേഴ്സ്, അന്ത്യോക്യായിലെ പാത്രീയർക്കീസ് ഗ്രിഗോറിയോസ് മൂന്നാമൻ, സിഡ്നിയിലെ കർദിനാൾ മാർ ജോർജ് വെൽ, കെനിയയിലെ കർദിനാൾ ജോൺ നുജെ, ജനീവയിലെ യുഎൻ പെർമനന്റ് മിഷൻ വത്തിക്കാൻ പ്രതിനിധി ആർച്ച്ബിഷപ് സിൽവാനോ തോമസ്സി എന്നിവർ നേതൃത്വം നൽകി. ജയ്പൂർ രൂപതാധ്യക്ഷൻ ബിഷപ് ഓസ്വാൾ ലൂയിസും സിറിൾ സഞ്ജു ജോർജുമാണ് ഇന്ത്യയെ പ്രതിനിധീകരിച്ചത്.

## ഫാത്തിമ ദർശനം

### സ്പെയിനിലെ സൂപ്പർ മോഡൽ ഓലല്ലാ ഒലിവെരസ് കന്യാസ്ത്രീയായി





മാഡ്രിഡ്: വിഖ്യാതയായ സ്പാനിഷ് മോഡലും ചലച്ചിത്രതാരവുമായ ഓലല്ലാ ഒലിവെരസ് ലൗകികജീവിതം ഉപേക്ഷിച്ച് കന്യാസ്ത്രീയായി. പുണ്യസ്ഥലമായ ഫാത്തിമയിൽവച്ച് തനിക്കുണ്ടായ അനുഭവമാണ് കന്യാസ്ത്രീയാകാൻ പ്രേരിപ്പിച്ചതെന്ന് മുപ്പത്തിരണ്ടുകാരിയായ അവർ പറഞ്ഞു. കത്തോലിക്കാ സഭയിലെ ഓർഡർ ഓഫ് സെയിന്റ് മൈക്കിൾ എന്ന സന്യാസിനീ സമൂഹത്തിലാണ് അവർ ചേർന്നിട്ടുള്ളത്. അടുത്തിടെ ഒരു ചിത്രത്തിൽ അഭിനയിക്കാൻ ക്ഷണം ലഭിച്ചെങ്കിലും അവർ നിരസിച്ചു. അതോടെയാണ് കന്യാസ്ത്രീയായ വിവരം പുറത്തറിഞ്ഞത്. അഞ്ചുവർഷം മുമ്പ് കൊളംബിയയിൽ പ്രശസ്ത മോഡലായിരുന്ന അമദാ റോസാ പെരെസ് കന്യാസ്ത്രീയായതും ലോകശ്രദ്ധ പിടിച്ചുപറ്റി.

# മാർ മാത്യു അറയ്ക്കലിനും ജോഷ്വ മാർ ഇഗ്നാത്തിയൂസിനും സ്വീകരണം നൽകി



സി.ബി.സി.ഐ. അല്മായ കൗൺസിൽ ദേശീയ ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട മാർ മാത്യു അറയ്ക്കലിനും വൈസ് ചെയർമാനായ ജോഷ്വ മാർ ഇഗ്നാത്തിയൂസിനും ഓൾ ഇന്ത്യ കാത്തലിക് യൂണിയൻ സ്വീകരണം നൽകി. എ.ഐ.സി.യു. നാഷണൽ സെക്രട്ടറി പ്രൊഫ. വി.എ. വർഗ്ഗീസിന്റെ അദ്ധ്യക്ഷതയിൽ കൊച്ചി പി.ഒ.സിയിൽ ചേർന്ന യോഗത്തിൽ കോ-ഓർഡിനേറ്റർ തോമസ് ജോൺ തേവരേത്ത്, സംസ്ഥാന പ്രസിഡന്റ് ജോസഫ് ആഞ്ഞിപ്പറമ്പിൽ , സംസ്ഥാന സെക്രട്ടറി ജോസഫ് ചെറിയാൻ, ജിന്നറ്റ് മാത്യു തുടങ്ങിയവർ പ്രസംഗിച്ചു.

## സീറോ മലബാർ രൂപതയ്ക്ക് മെൽബണിൽ ഒരു പൊൻതൂവൽ കൂടി

മെൽബൺ: മെൽബണിൽ സീറോ മലബാർ രൂപതയ്ക്ക് രണ്ടാമത്തെ പള്ളി പണിയുന്നതിനുള്ള സ്ഥലം സ്വന്തമായി കിട്ടിയതിനുള്ള സന്തോഷത്തിലാണ് വിശ്വാസികൾ. ഏതാനും മാസങ്ങൾക്കു മുമ്പ് മെൽബണിലെ നോർത്ത് സൈഡിൽ പള്ളി പണിയുവാനുള്ള സ്ഥലം വാങ്ങിയിരുന്നു. ഇതിനെത്തുടർന്ന് സൗത്ത് ഈസ്റ്റ് റീജിയനിലെ വിശ്വാസികളുടെ ആഗ്രഹപ്രകാരം ആണ് ഡാന്റിനോഗിന് അടുത്തുള്ള അഞ്ച് ഏക്കർ സ്ഥലം പള്ളിക്കുവേണ്ടി വാങ്ങിയിരിക്കുന്നത്.

സീറോ മലബാർ സഭയുടെ ചാപ്ലെയിൻ ഫാ.പീറ്റർ കാവുംപുറത്തിന്റെ നേതൃത്വത്തിൽ ട്രസ്റ്റിമാരും ബിൽഡിംഗ് കമ്മിറ്റി ഭാരവാഹികളും പാരീഷ് കൗൺസിൽ അംഗങ്ങളും അടങ്ങുന്ന കമ്മറ്റിയാണ് സ്ഥലം വാങ്ങാൻ മുൻകൈയെടുത്തത്. അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവും വികാരി ജനറാൾ ഫാ.ഫ്രാൻസീസ് കോലഞ്ചേരിയും സ്ഥലം വാങ്ങുന്നതിന് പൂർണ്ണ പിന്തുണ നൽകുകയും ചെയ്തപ്പോൾ സൗത്ത് ഈസ്റ്റ് റീജിയനിലെ വിശ്വാസികൾക്ക് ആനന്ദനിർവൃതിയാവുകയും ചെയ്തു.

## സമർപ്പിക്കപ്പെട്ട ജീവിതത്തെ..

(പേജ് ഒന്ന് തുടർച്ച)

നിൽക്കുന്നതിനിടയിലാണ് കഴിഞ്ഞ മാർച്ചിൽ മൂന്ന് വൈദികരെ പോലീസ് അറസ്റ്റ് ചെയ്തത്. വൈദികരും തമിഴ്നാട് സ്വദേശികളുമായ ഏലിയാസ് ഡാനിയേൽ, വില്യം പാട്രിക്, വൈദിക വിദ്യാർത്ഥി പീറ്റർ എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. സംഭവത്തിൽ ഒളിവിൽപോയ വൈദികരായ ഫ്രാൻസീസ്, സ്വാമി എന്ന പേരുള്ളയാളെയും അറസ്റ്റുചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇവരെയും ഉൾപ്പെടുത്തിക്കൊണ്ടാണ് പ്രാഥമിക കുറ്റപത്രം സംഭവം നടന്ന് ഒരു വർഷത്തിനുശേഷം സമർപ്പിച്ചിട്ടുള്ളത്. എലിയാസ് ഡാനിയേൽ, വില്യം പാട്രിക് എന്നിവരാണ് മുഖ്യപ്രതികൾ.

ബാംഗ്ലൂർ പോലീസിന്റെ അഭിമാന പ്രശ്നങ്ങളിലൊന്നായിരുന്നു കേസന്വേഷണം. 2000-ഓളം ആളുകളെ ഈ കേസുമായി ബന്ധപ്പെട്ട് പോലീസ് ചോദ്യം ചെയ്തിരുന്നു. ബാംഗ്ലൂരിന് പുറമെ കേരളം, ആന്ധ്ര പ്രദേശ്, പോണ്ടിച്ചേരി എന്നിവിടങ്ങളിലും അന്വേഷണം നടത്തി. കേസന്വേഷണത്തിന്റെ ഭാഗമായി രണ്ടു വൈദികരെ നേരത്തെ നാർക്കോ അനാലിസിസിനു വിധേയരാക്കിയിരുന്നു. സെമിനാരിയോടുചേർന്ന് ഊട്ടുപുരയിൽ തലയ്ക്കടിയേറ്റു മരിച്ച നിലയിലാണ് ഫാ.തോമസിന്റെ മൃതദേഹം കാണപ്പെട്ടത്. ഊട്ടി രൂപതയുടെ കീഴിൽ കഴിഞ്ഞ 20 വർഷമായി സേവനം അനുഷ്ഠിച്ചുവരികയായിരുന്നു അദ്ദേഹം. വൈദികന്റെ മരണത്തിൽ ദുരൂഹതയുണ്ടെന്നും ഉന്നതതല അന്വേഷണം വേണമെന്നും ബന്ധുക്കൾ നേരത്തെ ആവശ്യപ്പെട്ടിരുന്നു. ഇരുമ്പുദണ്ഡു കൊണ്ട് തലയ്ക്കേൽപ്പിച്ച ക്ഷതമാണ് മരണകാരണമെന്ന് പോലീസ് പറഞ്ഞിരുന്നു.




## പോപ്പ് എമരിറ്റസിന് നടക്കാൻ ഇനി വാക്കർ



ബർലിൻ: പോപ്പ് എമരിറ്റസ് ബനഡിക്ട് പതിനാറാമന് നടക്കാൻ ഇനി വാക്കറിന്റെ സഹായം വേണം. കഴിഞ്ഞ ദിവസം ജർമ്മൻ മാധ്യമങ്ങൾ പുറത്തുവിട്ട ഒരു ചിത്രം ഇതിനു സാക്ഷ്യമായി. ബനഡിക്ട് പതിനാറാമൻ വാക്കറിന്റെ സഹായത്താൽ സെക്രട്ടറി ആർച്ച്ബിഷപ് ജോർജ് ഗൺസ് വൈനോടൊപ്പം വിശ്രമജീവിതം നയിക്കുന്ന ആശ്രമത്തിൽ ചുറ്റിക്കറങ്ങുന്ന ചിത്രമാണ് പുറത്തുവന്നത്. 87കാരനായ മുൻ മാർപാപ്പയുടെ ആരോഗ്യസ്ഥിതി മോശമാണെന്നും പരസഹായമില്ലാതെ നടക്കാൻ വയ്യ എന്നും റിപ്പോർട്ടുകളുണ്ട്. കഴിഞ്ഞ ദിവസം 90കാരനായ സഹോദരൻ മോൺ. ജോർജ് റാറ്റ്സിംഗർ ജർമ്മനിയിൽ നിന്നെത്തി മുൻ പാപ്പയെ സന്ദർശിച്ചിരുന്നു.


മലയാള ടെലിവിഷൻ ചരിത്രത്തിലാദ്യമായി
കാനാൻദേശം
THE BIBLE REALITY SHOW
ഗുഡ്നസ് ടിവിയിൽ
ബൈബിൾ അടിസ്ഥാനമാക്കിയുള്ള റിയാലിറ്റി ഷോ കാനാൻദേശം
10 വയസ്സു മുതൽ 45 വയസ്സുവരെ പ്രായമുള്ളവർക്ക് ലോകത്തിന്റെ ഏതു കോണിൽ നിന്നും
പരിപാടിയിൽ പങ്കെടുക്കാം.
Contact: Phone : 8606420011,canandesham@gmail.com
" അറിവാണ് സമൃദ്ധി ബൈബിളാണ് അറിവ് "
www.goodnesstv.tv
GOODNESS
ഞായർ രാത്രി 7:30
പുനഃപ്രക്ഷേപണം
തിങ്കൾ 7: 30 am
ബുധൻ 2.00 pm
വെള്ളി 4:00 pm





# വചനാധിഷ്ഠിതമായ കത്തോലിക്കാ വിശ്വാസം

ഫാ.ജോസ് പന്തപ്ലാംതൊട്ടിയിൽ, സിഎംഐ

**(കഴിഞ്ഞ ലക്കം തുടർച്ച...)**

## അദ്ധ്യായം 10.

## പ്രതിമകൾ; കൊത്തുപണികൾ

കത്തോലിക്കാ ദേവാലയങ്ങളിലും സ്ഥാപനങ്ങളിലുമൊക്കെ പ്രതിമകളും കൊത്തുപണികളുമൊക്കെ കാണുന്നതു അവയും വചനാധിഷ്ഠിതം ആയതുകൊണ്ടു തന്നെ. നമുക്കു പുറപ്പാടു പുസ്തകത്തിൽ പറയുന്നതു ശ്രദ്ധിക്കാം: "കർത്താവു മോശയോടു അരുളിച്ചെയ്തു: യൂദാ ഗോത്രത്തിൽപ്പെട്ട ഹൂറിന്റെ പുത്രനായ ഊറിയുടെ മകൻ ബസാലേലിനെ ഞാൻ പ്രത്യേകം തെരഞ്ഞെടുത്തിരിക്കുന്നു. ഞാൻ അവനിൽ ദൈവിക ചൈതന്യം നിറച്ചിരിക്കുന്നു; സാമർത്ഥ്യവും ബുദ്ധിശക്തിയും വിജ്ഞാനവും എല്ലാത്തരം ശില്പവേലകളിലുള്ള വൈദഗ്ദ്ധ്യവും അവനു ഞാൻ നൽകിയിരിക്കുന്നു. കലാരൂപങ്ങൾ ആസൂത്രണം ചെയ്യുക, സ്വർണം, വെള്ളി, ഓട് എന്നിവകൊണ്ടു പണിയുക, പതിക്കാനുള്ള രത്നങ്ങൾ ചെത്തി മിനുക്കുക, തടിയിൽ കൊത്തുപണി ചെയ്യുക എന്നിങ്ങനെ എല്ലാത്തരം ശില്പവേലകൾക്കും വേണ്ടിയാണിത്" (പുറപ്പാട് 31:3-5).

തനിക്കു വസിക്കുവാൻ ഒരു വിശുദ്ധ കൂടാരവും (പുറപ്പാട് 25:8) താൻ തന്റെ ജനത്തിനു നൽകുന്ന ഉടമ്പടിപ്പത്രിക വയ്ക്കുവാൻ ഒരു സാക്ഷ്യപേടകവും നിർമ്മിക്കുവാൻ (പുറപ്പാട് 25:10-22) മോശയോട് ആവശ്യപ്പെട്ടതിനുശേഷം ദൈവം പറഞ്ഞു: "ശുദ്ധി ചെയ്ത സ്വർണംകൊണ്ട് ഒരു കൃപാസനം നിർമ്മിക്കണം... കൃപാസനത്തിന്റെ രണ്ടറ്റത്തുമായി അടിച്ചുപരത്തിയ സ്വർണംകൊണ്ട് രണ്ടു കെരൂബുകളെ നിർമ്മിക്കണം..... കെരൂബുകളുടെ നടുവിൽനിന്നു ഞാൻ നിന്നോടു സംസാരിക്കും" (പുറപ്പാട് 25:17-22).

ദൈവം ബസാലേലിനും മറ്റും ശില്പകലാവൈദഗ്ധ്യം നൽകിയത് തന്റെ ബഹുമാനത്തിനും സ്തുതിക്കുമായി ശില്പങ്ങൾ ഉണ്ടാക്കുവാനായിരുന്നു. എന്നാൽ, വിഗ്രഹങ്ങൾ ഉണ്ടാക്കി അവയെ ദൈവമായി കരുതി കുമ്പിട്ടാരാധിക്കരുതെന്നു നിയമാവർത്തന പുസ്തകത്തിൽ അവിടുന്നു പറയുന്നുണ്ട് (5:6-9). പുറപ്പാട് 20: 3-5 ലും ദൈവം ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

ദൈവസ്തുതിക്കും അവിടുത്തെ ബഹുമാനത്തിനുമായി പ്രതിമകൾ ഉണ്ടാക്കുന്നതു ദൈവവചന പ്രകാരം നിഷിദ്ധമായിരുന്നെങ്കിൽ മരുഭൂമിയിൽ വച്ചു മോശ പിച്ചള സർപ്പത്തിന്റെ പ്രതിമയുണ്ടാക്കി അതിന്റെ ദർശനം വഴി ഇസ്രായേൽ ജനതയെ സർപ്പദംശനത്തിൽ നിന്നു രക്ഷപ്പെടുത്തുകയില്ലായിരുന്നു (സംഖ്യ 21: 8-9). ദൈവം പ്രതിമാ നിർമ്മാണം നിരോധിച്ചിരുന്നെങ്കിൽ സോളമൻ നിർമ്മിച്ച ദേവാലയത്തിൽ പ്രതിമകളും കൊത്തുപണികളും ഉണ്ടാകുമായിരുന്നോ? ദേവാലയത്തിലെ "പീഠത്തിന്റെ പലകകളിൽ സിംഹം, കാള, കെരൂബ് എിവയുടെ രൂപങ്ങൾ കൊത്തിയുണ്ടാക്കി; ചട്ടത്തിൽ താഴെയും മുകളിലും സിംഹം, കാള, പുഷ്പം എന്നിവ കൊത്തിവച്ചു" എന്നല്ലേ രാജാക്കന്മാരുടെ പുസ്തകത്തിൽ നാം വായിക്കുന്നത് (1 രാജാക്കന്മാർ 7:29)? പ്രതിമാ നിർമാണമല്ല, പ്രത്യുത വിഗ്രഹങ്ങൾ ഉണ്ടാക്കി അവയെ ദൈവമായി ആരാധിക്കുതാണു വിശുദ്ധ ഗ്രന്ഥം വിലക്കിയിരിക്കുന്നത്.

ജ്ഞാനത്തിന്റെ പുസ്തകത്തിൽ പറയുന്നതനുസരിച്ചു ദൈവത്തിന്റെ "നിയമത്തിലെ അനുശാസനങ്ങൾ ഓർമ്മിപ്പിക്കാൻ അവർക്കു രക്ഷയുടെ അടയാളം നൽകി; അതിലേക്കു നോക്കിയവർ രക്ഷപ്പെട്ടു" (16: 6-7). അതായത്, മോശയുണ്ടാക്കിയ പിച്ചള സർപ്പം ഒരു അടയാളം അല്ലെങ്കിൽ അനുസ്മരണം ആയിരുന്നു. വിശുദ്ധരുടെ പ്രതിമകൾ ഉണ്ടാക്കി അവയെ നാം ബഹുമാനിക്കുമ്പോൾ ആ വിശുദ്ധരുടെ വിശുദ്ധ ജീവിതവും മാതൃകയും നാം ഓർമ്മിക്കുകയും അവരുടെ സ്വർഗീയ മാധ്യസ്ഥ്യം നാം തേടുകയുമാണു ചെയ്യുന്നത്.



**ദൈവസ്തുതിക്കും അവിടുത്തെ ബഹുമാനത്തിനുമായി പ്രതിമകൾ ഉണ്ടാക്കുന്നതു ദൈവവചന പ്രകാരം നിഷിദ്ധമായിരുന്നെങ്കിൽ മരുഭൂമിയിൽ വച്ചു മോശ പിച്ചള സർപ്പത്തിന്റെ പ്രതിമയുണ്ടാക്കി അതിന്റെ ദർശനം വഴി ഇസ്രായേൽ ജനതയെ സർപ്പദംശനത്തിൽ നിന്നു രക്ഷപ്പെടുത്തുകയില്ലായിരുന്നു**

## അദ്ധ്യായം 11.

## തിരുശേഷിപ്പുകൾ

വിശുദ്ധരെ വണങ്ങുന്നതു വചനാധിഷ്ഠിതമായിരിക്കുന്നതു പോലെ തന്നെയാണ് തിരുശേഷിപ്പുകളെ ആദരിക്കുന്നതും വചനാധിഷ്ഠിതം തന്നെ ആയിരിക്കുന്നത്. ദൈവവചനം പറയുന്നത് അനുസരിച്ച് "ജനങ്ങൾ രോഗികളെ യേശുവിന്റെ അടുക്കൽ കൊണ്ടു വന്ന് അവിടുത്തെ വസ്ത്രത്തിന്റെ വിളുമ്പിലെങ്കിലും തൊടുവാൻ അവരെ അനുവദിക്കണമെന്ന് അവർ അവിടുത്തോട് അപേക്ഷിച്ചു; അവിടുത്തെ സ്പർശിച്ചവരെല്ലാം സൗഖ്യരാക്കപ്പെടുകയും ചെയ്തു" (മത്തായി 14: 35-36). യേശുവിൽ നിന്നു സൗഖ്യം പ്രാപിച്ച രക്തസ്രാവക്കാരി സ്ത്രീയുടെ കഥ ആർക്കു മറക്കാനാവും? ആ സ്ത്രീ അവിടുത്തെ വസ്ത്രത്തിന്റെ വിളുമ്പിൽ സ്പർശിച്ചപ്പോഴല്ലേ സൗഖ്യം പ്രാപിച്ചത്? വിശ്വാസത്തോടു കൂടി ആ സ്ത്രീ അവിടുത്തെ വസ്ത്രത്തിൽ സ്പർശിച്ചപ്പോൾ തന്നിൽ നിന്നു ശക്തിപുറപ്പെടുകയായിരുന്നുവെന്നു അവിടുന്നു തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടല്ലൊ (മത്തായി 9: 20- 22).

തന്റെ വസ്ത്രത്തിൽ സ്പർശിച്ചു സുഖം പ്രാപിക്കുവാൻ ശ്രമിച്ച രക്തസ്രാവക്കാരിയായ ആ സ്ത്രീയെ അവിടുന്ന് തടഞ്ഞോ? ഒരിക്കലുമില്ല. നേരെമറിച്ച്, ആ സ്ത്രീയുടെ വിശ്വാസത്തെ അവിടുന്ന് അഭിനന്ദിക്കുകയല്ലേ ചെയ്തത്? നടപടി പുസ്തകത്തിൽ സാക്ഷ്യപ്പെടുത്തിയിരിക്കുതനുസരിച്ച്, "പൗലോസിന്റെ കരങ്ങൾ വഴി ദൈവം അസാധാരണമായ അത്ഭുതങ്ങൾ പ്രവർത്തിച്ചു കൊണ്ടിരുന്നു. അവന്റെ ശരീര സ്പർശമേറ്റ തൂവാലകളും അംഗവസ്ത്രങ്ങളും അവർ രോഗികളുടെ അടുത്ത് കൊണ്ടുവന്നു. അപ്പോൾ രോഗം അവരെ വിട്ടുമാറുകയും അശുദ്ധാത്മാക്കൾ അവരിൽ നിന്ന് പുറത്തുവരുകയും ചെയ്തിരുന്നു" (19: 11-12).

പൗലോസിന്റെ സ്പർശനമേറ്റ തൂവാലകളും അംഗവസ്ത്രങ്ങളും വഴി അത്ഭുതങ്ങളും രോഗശാന്തികളും നടന്നു എന്നു ദൈവവചനം പഠിപ്പിക്കുമ്പോൾ വിശുദ്ധരുടെ തിരുശേഷിപ്പുകളെ ആദരിക്കുന്നതിനെ ആർക്ക് എങ്ങനെ വചനാധിഷ്ഠതമായി വിമർശിക്കുവാനും എതിർക്കുവാനും സാധിക്കും?

നടപടിപ്പുസ്തകത്തിൽ തന്നെ പറയുന്നതനുസരിച്ച്, വിശുദ്ധ പത്രോസ് കടന്നുപോകു

(ശേഷം അടുത്ത പേജിൽ)

# SYRO-MALABAR COMMUNITY IN PARIS CELEBRATED THE FEAST OF ST THOMAS

The Syro-Malabar Church, in communion with the Malayali Christians in Paris, celebrated the Feast of St Thomas on Sunday,15 June.

It was held in the Chapel of Miraculous Medal, a Marian Pilgrim Centre in Paris. The Holy Qurbana started at 3.30 pm. Fr Joseph Manavalan was the main celebrant. Msgr Claude Beressolette, Vicar General of the Oriental Catholics in France, gave the homily. After the Qurbana, there was a procession in the court yard of the Chapel.

The get together of our community members in the hall, for refreshment, marked the end of the celebrations. Msgr Xavier Rambaud, Episcopal Vicar for the foreign Priest Students and foreign Christian Communities in Paris, presided over the meeting. Fr Bertrand Ponsard, the Chaplain of the Sanctuary, welcomed the assembly. The short programmes, presented by our students, youths and other members have been well appreciated.

Our Rev Fathers who are studying in different Universities in Paris, Rev Sisters from various Congregations and most of our Community members took part in the celebrations of the day.

Fr Sebastian Naduthadam,
Chaplain of the Syro-Malabar Community in Paris.

(പത്താം പേജ് തുടർച്ച)

മ്പോൾ അദ്ദേഹത്തിന്റെ നിഴലെങ്കിലും പതിച്ചാൽ അതുവഴിയായി രോഗികൾ സൗഖ്യരാകുമെന്നു ജനങ്ങൾ വിശ്വസിച്ചിരുന്നു. ദൈവവചനം പറയുന്നതു ശ്രദ്ധിക്കുക: "അവർ രോഗികളെ തെരുവീഥികളിൽ കൊണ്ടു വന്ന് കിടക്കകളിലും കട്ടിലുകളിലും കിടത്തിയിരുന്നു. പത്രോസ് കടന്നു പോകുമ്പോൾ അവന്റെ നിഴലെങ്കിലും അവരിൽ ഏതാനും പേരുടെ മേൽ പതിക്കുന്നതിനു വേണ്ടിയായിരുന്നു അത്" (നടപടി 5:15). ഏലീഷാ പ്രവാചകന്റെ അസ്ഥികളെ സ്പർശിക്കുവാനിടയായ ഒരു ജഡം ജീവൻ പ്രാപിച്ച സംഭവം പഴയനിയമത്തിൽ വിവരിക്കുത് (2 രാജാ. 13:21) ആർക്കു മറക്കാനാവും? വിശുദ്ധരായ വ്യക്തികളുടെ തിരുശേഷിപ്പുകളിലൂടെ ദൈവത്തിന്റെ ശക്തി പ്രവർത്തിക്കുന്നതു കണ്ടില്ലെന്നു നടിക്കുന്നതു തീർത്തും വചനവിരുദ്ധമല്ലയോ? ഈജിപ്റ്റിൽ വച്ചു മരിച്ച പൂർവ്വപിതാവായ ജോസഫിന്റെ അസ്ഥികൾ പൂജിതമല്ലായിരുന്നുവെങ്കിൽ അവ സൂക്ഷിച്ച സംഭവത്തെക്കുറിച്ചു വിശുദ്ധ ഗ്രന്ഥത്തിൽ വിവിധ പരാമർശങ്ങൾ ഉണ്ടാകുമായിരുന്നോ? (ഉത്പത്തി 50: 26; ജോഷ്വ 24: 32). ദൈവത്തിന്റെ പ്രവാചകന്മാരുടെ കല്ലറകൾ തകർക്കാതെ അവരുടെ അസ്ഥികൾ സൂക്ഷിക്കണമെന്നു കല്പന പുറപ്പെടുവിച്ച ജോസിയാ രാജാവിന്റെ പ്രവൃത്തി തെറ്റായിരുന്നുവെങ്കിൽ അതു വിശുദ്ധഗ്രന്ഥത്തിൽ രേഖപ്പെടുത്തുമായിരുന്നോ? (2 രാജാക്കന്മാർ 23: 17–18) വിശുദ്ധരെ ആദരിക്കുകയും അവരുടെ തിരുശേഷിപ്പുകൾ വണങ്ങുകയും ചെയ്യുന്നതാണു വചനാധിഷ്ഠിതം. അതാണു ദൈവവചനത്തിൽ വിശ്വസിക്കുന്നവർ പ്രാവർത്തികമാക്കേണ്ടതും.

# BLESSING & CONSECRATION OF SYRO-MALABAR CATHOLIC CHURCH, CHENNAI MISSION

The New Block of St.Thomas Pastoral Centre was blessed and St.Thomas Syro-Malabar Catholic Church was consecrated at Ayanavaram, Chennai.

Consecration of church was performed by Mar George Cardinal Alenchery (Major Arch Bishop of the Syro-Malabar Catholic Church). Most Rev.Dr.George Antonysamy, Arch Bishop of Madras-Mylapore Arch Diocese gave the homily. Mar Pauly Kannookkadan, Bishop-in-charge, Syro –Malabar Catholic Mission, Chennai, Mar James Pazhayattil, Bishop Emeritus, Diocese of Irinjalakuda, Msgr. Jose Irimpan, Vicar General, Diocese of Irinjalikuda, Msgr.Jose Palatty, Co-Ordinator, Chennai Mission, Fr. Saji Ponminissery,Vicar,St.Thomas Church Ayana-,varam including fathers, who worked yesteryears in Chennai Mission as well as priests from from Irinjalakuda Diocese were also present in the ceremony. “SHARON HALL” was blessed by Mar Pauly Kannookkadan, Bishop-in-charge, Syro–Malabar Catholic Mission Chennai. Priests' Home was blessed by Mar James Pazhayattil, Bishop Emeritus, Diocese of Irinjalakuda.

Thereafter, a public meeting was held in Sharon Hall. Msgr.Jose Palatty, Co-Ordinator, Chennai Mission welcomed everyone. The meeting was inaugurated by Mar George Cardinal Alenchery (Major Arch Bishop of the Syro-Malabar Catholic Church) by lighting the koothuvilakku. Mar James Pazhayattil, Bishop Emeritus, Diocese Doicese.



of Irinjalakuda gave words of blessings. Souvenir was released by Msgr. Aruldass,Vicar General, Madras-Mylapore Arch Diocese. Parish Directory of.St.Thomas Syro-Malabar Church was released by Msgr.S.J. Antonysamy, Vicar General, Madras –Mylapore Arch

The following people were facilitated: Msgr. Jose Irimpan,Vicar General Diocese of Irjnjalikuda, Sr.Rose Mary,CMC (Provincial, Udaya Province, Irinjalakuda) Rev.Fr. Jose Maliakkal,former Co-Ordinator, Chennai Mission, MLA,Villivakkam constituency and Jacob Chakathara, Pastral Council Secretary.

Vote of thanks was given by Rev.Fr. Saji Ponminissery

എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് നൽകുന്നു (യോഹ.14:27).

# LAITY VOICE



## ക്രൈസ്തവ വിശ്വാസപ്രഖ്യാപനം

### അദ്ധ്യായം 3

# "പരിശുദ്ധാത്മാവിൽ ഞാൻ വിശ്വസിക്കുന്നു"

24

**കഴിഞ്ഞ ലക്കം തുടർച്ച.......**

## ഖണ്ഡം ഒന്ന്

## കൗദാശികപദ്ധതി

**ആരാധനക്രമം എന്നാൽ എന്ത്?**

ക്രിസ്തുരഹസ്യത്തിന്റെ പ്രത്യേകിച്ച് അവിടുത്തെ പെസഹാ രഹസ്യത്തിന്റെ ആഘോഷമാണ് ആരാധനക്രമം (ലിറ്റർജി). യേശുക്രിസ്തുവിന്റെ പൗരോഹിത്യധർമ്മനിർവ്വഹണത്തിലൂടെ ആരാധനക്രമത്തിൽ അടയാളങ്ങൾവഴിയായി മനുഷ്യവിശുദ്ധീകരണം വെളിവാക്കപ്പെടുകയും സാക്ഷാത്കരിക്കപ്പെടുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ മൗതികശരീരം–അതായത് ശിരസും അവയവങ്ങളും ചേർന്ന്–ദൈവത്തിനു നൽകേണ്ട പൊതു ആരാധനയാണത്.

**സഭാജീവിതത്തിൽ ആരാധനക്രമത്തിന്റെ സ്ഥാനമെന്ത്?**

വിശുദ്ധപ്രവൃത്തികളിൽ അത്യുത്കൃഷ്ടമായ ആരാധനക്രമം സഭാപ്രവർത്തനങ്ങൾ ലക്ഷ്യം വെയ്ക്കുന്ന ഉച്ചകോടിയും അവളുടെ സജീവശക്തി നിർഗളിക്കുന്ന ഉറവിടവുമാണ്. ആരാധനക്രമത്തിലൂടെ ക്രിസ്തു സഭയിൽ സഭയോടൊപ്പവും സഭയിലൂടെയും നമ്മുടെ രക്ഷാകർമ്മം തുടരുന്നു.

**കൗദാശിക രക്ഷാകരപദ്ധതി എന്തിലാണ് അടങ്ങിയിരിക്കുന്നത്?**

ക്രിസ്തു നൽകിയ രക്ഷയുടെ ഫലങ്ങൾ സഭയുടെ കൂദാശകളുടെ ആഘോഷത്തിലൂടെ–ഏറ്റവും മഹത്തരമായി വി.കുർബാനയിലൂടെ–'അവന്റെ പ്രത്യാഗമനം വരെ' പ്രദാനം ചെയ്യുന്നതിൽ കൗദാശികരക്ഷാപദ്ധതി അടങ്ങിയിരിക്കുന്നു.

## അദ്ധ്യായം ഒന്ന്

## പെസഹാരഹസ്യം സഭയുടെ യുഗത്തിൽ

**പിതാവ് ആരാധനക്രമത്തിന്റെ ഉറവിടവും ലക്ഷ്യവും ആയിരിക്കുന്നത് എപ്രകാരമാണ്?**

ആരാധനക്രമത്തിൽ പിതാവ്, നമുക്കായി മരിച്ച് ഉത്ഥാനം ചെയ്ത ദൈവപുത്രനിലൂടെ, നമ്മെ ആശീർവദിക്കുകയും പരിശുദ്ധാത്മാവിനെ നമ്മുടെ ഹൃദയങ്ങളിലേയ്ക്ക് ചൊരിയുകയും ചെയ്യുന്നു. അതേസമയം സഭ പിതാവായ ദൈവത്തെ ആരാധന, സ്തുതി, കൃതജ്ഞതാപ്രകാശനം എന്നിവ വഴി ബഹുമാനിക്കുകയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ദാനത്തിനായി യാചിക്കുകയും ചെയ്യുന്നു.

**ആരാധനക്രമത്തിൽ ക്രിസ്തുവിന്റെ പ്രവൃത്തി എന്ത്?**

സഭയുടെ ആരാധനക്രമത്തിൽ ക്രിസ്തു പ്രധാനമായും തന്റെ പെസഹാരഹസ്യത്തെ സൂചിപ്പിക്കുകയും സന്നിഹിതമാക്കുകയും ചെയ്യുന്നു. ശ്ലീഹന്മാർക്ക് പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ട് അവിടുന്ന് അവർക്കും അവരുടെ പിൻഗാമികൾക്കും രക്ഷാകർമ്മം യാഥാർത്ഥ്യമാക്കാനുള്ള അധികാരം നൽകി. ഈ രക്ഷാകർമ്മം അവിടുന്നുതന്നെ പ്രവർത്തിക്കുന്ന വി.കുർബാനയും കൂദാശകളും വഴി ദൈവകൃപയെ എല്ലാ കാലത്തും ലോകമെമ്പാടുമുള്ള വിശ്വാസികൾക്കു പ്രധാനം ചെയ്യുന്നു.

**ആരാധനക്രമത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവൃത്തി സഭയെ സംബന്ധിച്ച് എങ്ങനെയാണ്?**

ആരാധനക്രമത്തിൽ സഭയും പരിശുദ്ധാത്മാവും തമ്മിൽ ഏറ്റവും ഗാഢമായ സഹവർത്തിത്വമാണുള്ളത്. പരിശുദ്ധാത്മാവ് സഭയുടെ നാഥനെ കണ്ടുമുട്ടാൻ സഭയെ ഒരുക്കുകയും വിശ്വാസമുള്ള ആരാധനാസമൂഹത്തെ ക്രിസ്തുവിനെക്കുറിച്ച് ഓർമ്മിപ്പിക്കുകയും ആ സമൂഹത്തിന് ക്രിസ്തുവിനെ വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്യുന്നു. ക്രിസ്തുരഹസ്യത്തെ സന്നിഹിതമാക്കുകുയം സാക്ഷാത്കരിക്കുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ ജീവനോടും ദൗത്യത്തോടും സഭയെ ഒന്നിപ്പിക്കുകയും കൂട്ടായ്മയുടെ ദാനത്തെ സഭയിൽ ഫലപൂർണ്ണമാക്കുകയും ചെയ്യുന്നു.

## പെസഹാരഹസ്യം സഭയുടെ കൂദാശകളിൽ

**കൂദാശകൾ എന്ത്? ഏവ?**

ക്രിസ്തു സ്ഥാപിച്ചതും സഭയെ ഭരമേൽപ്പിച്ചതുമായ ദൈവകൃപയുടെ ഇന്ദ്രിയഗോചരവും ഫലപ്രദവുമായ അടയാളങ്ങളാണ് കൂദാശകൾ. ഇതുവഴിയായി ദൈവികജീവൻ നമ്മിൽ വർദ്ധമാനമാകുന്നു. കൂദാശകൾ ഏഴെണ്ണമാണ്: മാമ്മോദീസ, സ്ഥൈര്യലേപനം, വി.കുർബാന, അനുതാപം (വി.കുമ്പസാരം), രോഗീലേപനം, തിരുപ്പട്ടം, വിവാഹം.

**ക്രിസ്തുവുമായി കൂദാശകൾക്കുള്ള ബന്ധമെന്ത്?**

ക്രിസ്തുവിന്റെ ജീവിതത്തിന്റെ രഹസ്യങ്ങളാണ് ഇപ്പോൾ അവിടുന്ന് സഭയിലെ ശുശ്രൂഷകർവഴി നൽകിക്കൊണ്ടിരിക്കുന്ന കൂദാശകളുടെ അടിസ്ഥാനം.

**ക്രിസ്തു സ്ഥാപിച്ചതും സഭയെ ഭരമേൽപ്പിച്ചതുമായ ദൈവകൃപയുടെ ഇന്ദ്രിയഗോചരവും ഫലപ്രദവുമായ അടയാളങ്ങളാണ് കൂദാശകൾ.**

**സഭയുമായി കൂദാശകൾക്കുള്ള ബന്ധമെന്ത്?**

ക്രിസ്തു കൂദാശകളെ സഭയെ ഭരമേൽപ്പിച്ചു. അവ രണ്ടർത്ഥത്തിൽ "സഭയുടേതാണ്", സഭ ക്രിസ്തുവിന്റെ പ്രവൃത്തിയുടെ കൂദാശയാണ്, ആ സഭയുടെ പ്രവൃത്തിയാകയാൽ കൂദാശകൾ സഭയിൽ നിന്നുള്ളതാണ്; കൂദാശകൾ സഭയെ പടുത്തുയർത്തുന്നതാകയാൽ അവ "സഭയ്ക്കുവേണ്ടിയുള്ളതാണ്".

**കൗദാശിക മുദ്ര എന്നാൽ എന്ത്?**

മാമ്മോദീസ, സ്ഥൈര്യലേപനം, തിരുപ്പട്ടം എന്നീ കൂദാശകൾ ഒരു ആത്മീയ മുദ്ര പതിപ്പിക്കുന്നു. ഇതു ദൈവിക സംരക്ഷണത്തിനുള്ള വാഗ്ദാനവും അച്ചാരവുമാണ്. ഈ മുദ്രവഴി ക്രിസ്ത്യാനി ക്രിസ്തുവുമായി അനുരൂപപ്പെടുകയും, അവിടുത്തെ പൗരോഹിത്യത്തിൽ പലവിധത്തിൽ പങ്കുചേരുകയും വ്യത്യസ്ഥ അവസ്ഥകളും ധർമ്മങ്ങളുമനുസരിച്ച് സഭയിൽ ഭാഗഭാക്കാകുകയും ചെയ്യുന്നു. ഇപ്രകാരം ദൈവികാരാധനയ്ക്കും സഭാസേവനത്തിനുമായി അഭിഷിക്തനാകുന്നു. കാരണം, ഈ മുദ്ര മായാത്തതാണ്, ഇതു പതിപ്പിക്കുന്ന കൂദാശകളാകട്ടെ ഒരിക്കൽ മാത്രമേ സ്വീകരിക്കാനാവൂ.

**വിശ്വാസവുമായി കൂദാശകളുടെ ബന്ധമെന്ത്?**

കൂദാശകളെ സംബന്ധിച്ചിടത്തോളം വിശ്വാസം മുന്നുപാതി മാത്രമല്ല, വാക്കുകൾകൊണ്ടും അനുഷ്ഠാനപരമായ ഘടകങ്ങൾകൊണ്ടും വിശ്വാസത്തെ പരിപോഷിപ്പിക്കുകയും ശക്തിപ്പെടുത്തുകയും പ്രകടമാക്കുകയും ചെയ്യുന്നു. കൂദാശകൾ ആഘോഷിച്ചുകൊണ്ട് സഭ ശ്ലൈഹിക വിശ്വാസം ഏറ്റുപറയുന്നു. അങ്ങനെയാണു പുരാതനമായ ഈ ചൊല്ലുണ്ടായത്: "പ്രാർത്ഥനയുടെ നിയമം, വിശ്വാസത്തിന്റെ നിയമം". അതായത്, സഭ പ്രാർത്ഥിക്കുന്നതുപോലെ വിശ്വസിക്കുന്നു.

(തുടരും)

**(പിഒസി പ്രസിദ്ധീകരിച്ച കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ നിന്ന്)**

Published and edited by Chevalier Adv.V C Sebastian
Valliamthadathil, Santhigri Residency, Palampra P.O., Kanjirapally
Kottayam Dist., Kerala, India. Ph: 04828 234056, Mob: 9447355512

SHAIJU.CHACKO7@GMAIL.COM

Private circulation